09
2025
നവംബർ
ഞായർ
തുലാം 23

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 281 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-281 | പേജ് 4. വില 2.00 രൂപ




02 രഞ്ജി ട്രോഫി ക്രിക്കറ്റിൽ സൗരാഷ്ട്രയെ 160 റൺസിന് പുറത്താക്കി കേരളം, നിധീഷിന് ആറ് വിക്കറ്റ്

03 അമ്പൂരി കുമ്പിച്ചൽ പാലത്തിന്റെ സൗന്ദര്യവൽക്കരണ പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി

04 ആഭിചാരക്രിയ: കോട്ടയത്ത് യുവതിക്ക് ക്രൂരപീഡനം

# ആ വീശുകാരെവിടെ... കൈവഴികൾ എവിടെ...

**യേശുദാസ് വില്യം**

കൊല്ലം: അഷ്ടമുടിക്കായലിൽ നീണ്ടകരപാലത്തിനു പടിഞ്ഞാറും,കിഴക്കും മീൻ വരുന്ന കൈവഴികളിൽ തീരത്തോടു ചേർന്നു വല വീശുകാരുണ്ടായിരുന്നു. നീണ്ടകരയിലെയും ശക്തികുളങ്ങരയിലേയും പേരെടുത്ത വീശുകാർ. കാലത്തിന്റെ കുത്തൊഴുക്കിൽ അഷ്ടമുടിക്കായലിന്റെ ഗതിവേഗത്തിനും മാറ്റം വന്നുവോ..പുതിയ ഭീമൻപാലങ്ങൾ..കൈയ്യേറ്റങ്ങൾ..മാലിന്യ തള്ളലുകൾ അങ്ങിനെ പലതും കായലിന്റെ ഒഴുക്കിന്റെ ഗതിമാറ്റിയിരിക്കുന്നു.മീൻ വരുന്ന തീരത്തോടു ചേർന്ന കൈവഴികൾ പലതും അടഞ്ഞു.തൊണ്ണ ഒടിച്ചു മാലിൽ ഇട്ട മീനിന്റെ പെടപ്പുമായി തലക്കുടവെച്ചു നോട്ടത്തിൽ നിൽക്കുന്ന വീശുകാരില്ല.എവിടെയും.

ഇന്നലെ ഞായറാഴ്ചയും കടമുള്ള ദിവസമായതു കൊണ്ടും വെറുതെയൊന്നു നടക്കാനിറങ്ങിയതായിരുന്നു.ബോട്ടുടമ അലോഷിയെ വിളിച്ചു 'നീ എവിടാടാ'. 'അച്ചാ.. ഞാൻ ഹാർബറിലുണ്ട് ..യിങ്ങു വാച്ചാ.. ' അവന്റെ വിളിയിൽ നടത്തക്കൊരു ഉൽസാഹം നിറഞ്ഞു.ശക്തികുളങ്ങര ഹാർബറിൽ മരാമത്തുപണിക്കാർ കുത്തിയിളക്കിയ മൺകൂമ്പാരങ്ങൾക്കിടയിലൂടെ ബോട്ടുകൾ അടുത്തു കിടക്കുന്നുണ്ട്.അവിടെങ്ങും അലോഷിയെ കണ്ടില്ല.അവനിതെവിടെയെന്നു


ഒഡീഷ സ്വദേശി പ്രകാശ് നീണ്ടകര ഹാർബറിൽ

ചിന്തിച്ചപ്പോൾ ഫോണടിച്ചു..അലക്സ് അലോഷ്യസ്..' അച്ചാനെവിടാച്ചാ..ഞാനിങ്ങു നീണ്ടകര ഹാർബറിലാ.. പെട്ടന്നു വാ...' നീണ്ടകരയിലേക്കു പാലം കടന്നു ഹാർബറിന്റെ കവാടം കടന്നപ്പോൾതന്നെ വർണ്ണപ്പികിട്ടുള്ള എടുപ്പുകുതിരകളുടെതുപോലെ ഒരുനിര തീരത്തിനഭിമുഖമായി തലയുയർത്തി നിൽക്കുന്നു. വിലിയ ഇൻബോർഡ് വള്ളങ്ങളാണ്. ട്രോളിംഗ് ബോട്ടുകളെക്കാൾ വലിപ്പവും തലയെടുപ്പും.കൊല്ലം രാമേശ്വരത്തും,വിഷ്ണത്തുകാവിലുമൊക്കെ അലങ്കരിച്ചെത്തുന്ന എടുപ്പകുതിരകൾ വെള്ളത്തിലിറങ്ങി നിക്കുന്നതുപോലെ..ഇവിടൊക്കെ വീശുകാരുടെ ഇടമായിരുന്നു.മീൻവീശി വല വലിച്ചെടുത്ത് കൈത്തട്ടത്തിലിട്ട് മീൻ കഴിച്ചെടുക്കുകയും ചപ്പു ചവറുമൊക്കെ തിരിച്ചിടാൻ ചെറിയൊരു മണൽ പരപ്പും ഇവിടുണ്ടായിരുന്നു.. അതൊക്കെ വള്ളങ്ങൾക്കും ബോട്ടുകൽക്കുമായി മാറി. വലിയവള്ളങ്ങൾക്കിടയിൽ ചെറിയ ഫൈബർ വള്ളങ്ങളുടെ ഒരു നിര വീർപ്പുമുട്ടിക്കിടക്കുന്നു.

ഹാർബറിൽ നിരനിരയായി ട്രോളിംഗ് ബോട്ടുകൾ സ്ഥാനം പിടിച്ചിരിക്കുന്നു.

ഞായറാഴ്ചയാണെങ്കിലും ചെറിയൊരു കൂട്ടം ഹാർബറിലുണ്ട്.അപ്രതീക്ഷിതമായി വന്നടുത്ത ബോട്ടുകളിലെ മീൻ കച്ചോടമാണ്.കച്ചോടത്തിന്റെ ദന്തുസത്തിനിടയിൽ അലോഷിയെ കണ്ടില്ല.തിരക്കിനിടയിൽ ഒരു വീശുകാരൻ ജെട്ടിയിലിരുന്നു വല തിരിക്കുന്നു.തിക്കി തിരക്കുന്ന ബോട്ടുകൾക്കിടയിൽ ഇയാൾ വലവീശുകയാണ്.അടുങ്ങി കിടക്കുന്ന ബോട്ടുകൾക്കിടയിൽ ഒരു കൂട്ടം എരണ്ടകൾ മുങ്ങിയും പൊങ്ങിയും മീൻ പിടിക്കുന്നു.വീശുകാരനെപ്പോലെ കാലത്തിനനുസരിച്ചു അവരും മാറിയിരിക്കുന്നു.വലതിരിക്കുന്ന വീശുകരന്റെ അടുത്തു നിന്നപ്പോൾ അയാൾ തല ഉയർത്തി നോക്കി.ബക്കറ്റിൽ വീശി കിട്ടിയ മീനുകൾ കാണിച്ചു തന്നു.കായൽ മീനുകളിൽ പ്രിയംങ്കരമായ തോടനും,കണമ്പും,പ്രാച്ചിയും ഒന്നും കണ്ടില്ല.വഴുക്കലുള്ള തേടും,നന്ദലുമൊക്കെയാണ് ബക്കറ്റിൽ പിടച്ചത്. കുറച്ചാവുമ്പോൾ വിൽക്കും.വല തട്ടി കുടഞ്ഞു കൊണ്ട് അയാൾ എഴുന്നേറ്റു.അന്യ സംസ്ഥാന തൊഴിലാളിയാണ് പേര് പ്രകാശ്.ഒഡീഷയിലെ രാജ്കണിക സ്വദേശിയാണ്.ഇവിടെ വന്നിട്ട് മുന്നു കൊല്ലത്തോളമാകുന്നു.ഇന്ന് ഏകാദശി ആയതുകൊണ്ടു പണിക്കു പോയില്ല.ദുർഗ്ഗ എന്ന ഇൻബോർഡ് വള്ളത്തിലെ പണിക്കാരനാണ് പ്രകാശ്.ഇവിടെ വരുന്നതിനു മുൻപ് ഡൽഹി ഗുരൂഗ്രാമിൽ കൂലിപ്പണിയായിരുന്നു. കൊല്ലത്തെ നീണ്ടകര ഇഷ്ടമായി..തന്റെ നാടായ രാജ്കണിക മൂന്നു വശങ്ങളും നദികളാൽ ചുറ്റപ്പെട്ടതാണ്. ഇവിടെയും അതുപോലെ തന്നെ.ഒഡീഷയിലെ ബംഗാൾ ഉൾക്കടലിന്റെ സാമിപ്യമുള്ള ജില്ലയിൽനിന്നും കൊല്ലം നീണ്ടകരയിലെത്തിയ പ്രകാശ് ഇടവേളകളിൽ വലവീശി മീൻ പിടിക്കുന്നു.സ്വന്തമായി വീശുവല ഉണ്ടാക്കിയാണ് വീശുന്നത്.പ്രകാശ് തന്റെ വീശുവല കൈത്തളയിൽ ഒതുക്കി അടുത്ത ഇടം നോക്കി നീങ്ങി..നീണ്ടകരയിലെ മണുവേലിയും,ലിയോണും,പട്ടനെട്രിയുമൊക്കെ വീശിയൊതുക്കിയ കരിംചേവിയുടെയും,വരിക്കത്തിയുടെയുമൊക്കെ അത്ഭുതപ്പെടുത്തുന്ന മീൻകഥകൾ എപ്പഴോ ഈ തീരവും മറന്നു തുടങ്ങിയിരിക്കുന്നു..

ഹാർബറിലെ തിരക്കിൽ ആറടിയും മിനുസവും തലപ്പൊക്കമുള്ളമുള്ള അലോഷിയുടെ നിരാശയും ഉറക്കച്ചടവുമുള്ള തല ആൾക്കൂട്ടത്തിനു മുകളിൽ പരതി.. മീൻ കച്ചവടത്തിന്റെ പേശലിൽ നിൽക്കുന്ന അലോഷിയേയും..അനിയനേയും കണ്ടു.. 'അച്ചാ കവറെട്..' വലിയ കാട്ടഅയില കോരി തട്ടുന്നതിനിടയിൽ അലോഷി പറഞ്ഞു.ദാ കവറെന്നു പറഞ്ഞു തുറന്നപ്പോൾ ജെസിബിയുടെ യന്ത്രക്കൈ വാരുന്നതുപോലെ കവറു മട്ടം നിറച്ച് കരിം പച്ച ഐസിടാത്ത അയല.ഭാരമേറിയ കവറുമായി നീങ്ങുമ്പോൾ കൈവലി ട്രോളിയിൽ വിൽപനക്കുമീനുമായി നീങ്ങുന്ന തമിഴ് പെൺകൾ.ചെറുവിൽപനക്കാർ..നീണ്ടകര ഹാർബറിന്റെ അകത്തളം ഞായറാഴ്ചയിലും സജീവം.

## തിരുവനന്തപുരത്ത് ഐഡബ്ല്യുജി റീഗസ് സെന്റർ തുറന്നു

തിരുവനന്തപുരം: ഹൈബ്രിഡ് വർക്ക് സൊല്യൂഷനുകൾക്കായുള്ള ആഗോള പ്ലാറ്റ്ഫോമായ ഇന്റർനാഷണൽ വർക്ക്പ്ലേസ് ഗ്രൂപ്പ് (ഐഡബ്ല്യുജി), തിരുവനന്തപുരം കെജെസ് ക്വയറിൽ റീഗസ് സെന്റർ ഉദ്ഘാടനം ചെയ്തു.

576 ചതുരശ്ര മീറ്ററിൽ വ്യാപിച്ചു കിടക്കുന്ന സെന്ററിൽ സംരംഭങ്ങൾ, സംരംഭകർ, പ്രൊഫഷണലുകൾ എന്നിവർക്കായി രൂപകൽപ്പന ചെയ്ത 108 വർക്ക്സ്റ്റേഷനുകളും പൂർണ്ണമായും സജ്ജീകരിച്ച രണ്ട് മീറ്റിംഗ് റൂമുകളുമുണ്ട്.

രാജ്യത്തുടനീളം പ്രൊഫഷണലും ഫ്ളെക്സിബിളുമായ വർക്ക്സ്പേസുകളുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഹരിക്കുന്നതിന്റെ ഭാഗമായാണ് പുതിയ റീഗസ് സെന്ററെന്ന് ഐഡബ്ല്യുജി അറിയിച്ചു.

## റഷ്യൻ സൈന്യത്തിൽ 44 ഇന്ത്യൻ പൗരന്മാരെന്ന് കേന്ദ്രം

ന്യൂഡൽഹി: റഷ്യൻ സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന ഇന്ത്യൻ പൗരരുടെ എണ്ണം 44 ആയി ഉയർന്നതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സമീപമാസങ്ങളിലെ റിക്രൂട്ട്മെന്റിലൂടെയാണ് ഇത്രയും പേർ റഷ്യൻസൈന്യത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നത്. സുരക്ഷ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ അവഗണിച്ചും റഷ്യൻ സൈന്യത്തിൽ ചേരുന്നവരുടെ എണ്ണം വർധിക്കുന്നതായും ഈ രീതി അവസാനിപ്പിക്കുന്നതിനായി റഷ്യൻ അധികൃതരുമായി വിഷയം ചർച്ച ചെയ്തതായും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിനെതിരെ മാർഗ നിർദ്ദേശങ്ങളുമായി എൻപിസിഐ

തിരുവനന്തപുരം:ഡിജിറ്റൽ തട്ടിപ്പുകൾക്കെതിരെ ഉപഭോക്താക്കളിൽ അവബോധം വളർത്താൻ ലക്ഷ്യമിട്ട് നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) രംഗത്ത്. നിയമപാലകരായി ചമഞ്ഞ് പണം തട്ടിയെടുക്കുന്ന 'ഡിജിറ്റൽ അറസ്റ്റ്' ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ വർധിക്കുന്ന സാഹചര്യത്തിലാണ് പുതിയ മാർഗനിർദ്ദേശങ്ങളുമായി എൻപിസിഐ രംഗത്തുവന്നിരിക്കുന്നത്.

പോലീസ്, സിബിഐ, ആദായനികുതി ഉദ്യോഗസ്ഥർ, കസ്റ്റംസ് ഏജന്റുമാർ തുടങ്ങിയ സർക്കാർ ഏജൻസികളെ പ്രതിനിധീകരിക്കുന്നതായി അവകാശപ്പെട്ട് ആരെങ്കിലും നിങ്ങളെ ബന്ധപ്പെട്ടാൽ ജാഗ്രത പാലിക്കാൻ എൻപിസിഐ നിർദ്ദേശിക്കുന്നു. അടിയന്തര നിയമനടപടി ആരംഭിക്കുമെന്നോ നിങ്ങളുടെ കുടുംബാംഗങ്ങളിൽ ഒരാൾ കള്ളപ്പണം വെളുപ്പിക്കൽ, നികുതി വെട്ടിപ്പ് അല്ലെങ്കിൽ മയക്കുമരുന്ന് കടത്ത് പോലുള്ള ഗുരുതരമായ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നോ പറയുന്നത് തട്ടിപ്പുകാരുടെ പതിവ് രീതിയായതിനാൽ ജാഗ്രതയോടെ മാത്രം പ്രതികരിക്കണമെന്നും എൻപിസിഐ മാർഗനിർദ്ദേശങ്ങളിൽ പറയുന്നു.

നിയമപരമായ പ്രശ്നങ്ങളെക്കുറിച്ച് അപ്രതീക്ഷിത കോളുകളോ സന്ദേശങ്ങളോ ലഭിക്കുകയാണെങ്കിൽ, സ്ഥിരീകരിച്ച ശേഷം ചിന്തിച്ചു മാത്രം പ്രവർത്തിക്കുക.

ഇത്തരം സാഹചര്യങ്ങളിൽ 1930 അല്ലെങ്കിൽ ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് (വേുേ:// മെിരവമൃമെമവേശ.ഴീ.ശി/ളെര/) ഡയൽ ചെയ്ത് സംശയാസ്പദമായ നമ്പറുകൾ ദേശീയ സൈബർ ക്രൈം ഹെൽപ്പ്ലൈനിൽ റിപ്പോർട്ട് ചെയ്യുക.






# രഞ്ജി ട്രോഫി ക്രിക്കറ്റിൽ സൗരാഷ്ട്രയെ 160 റൺസിന് പുറത്താക്കി കേരളം, നിധീഷിന് ആറ് വിക്കറ്റ്

തിരുവനന്തപുരം: രഞ്ജി ട്രോഫി ക്രിക്കറ്റിൽ സൗരാഷ്ട്രയ്ക്കെതിരെ കേരളം ശക്തമായ നിലയിൽ. സൗരാഷ്ട്രയുടെ ആദ്യ ഇന്നിങ്സ് 160 റൺസിന് അവസാനിച്ചു. ആറ് വിക്കറ്റ് വീഴ്ത്തിയ എം ഡി നിധീഷിന്റെ ബൌളിങ് മികവാണ് സൗരാഷ്ട്രയുടെ ബാറ്റിങ് നിരയെ തകർത്തത്. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം ആദ്യ ദിവസം കളി നിർത്തുമ്പോൾ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 82 റൺസെന്ന നിലയിലാണ്.



ടോസ് നേടി സൗരാഷ്ട്രയെ ആദ്യം ബാറ്റ് ചെയ്യാനയച്ച കേരളത്തിന് ബൌളർമാർ ഉജ്ജ്വലമായ തുടക്കമാണ് നല്കിയത്. അക്കൌണ്ട് തുറക്കും മുൻപെ തന്നെ സൗരാഷ്ട്രയ്ക്ക് ആദ്യ വിക്കറ്റ് നഷ്ടമായി. ആദ്യ ഓവറിലെ അഞ്ചാം പന്തിൽ ഹാർവിക് ദേശായിയെ പുറത്താക്കി നിധീഷ് തന്റെ വിക്കറ്റ് വേട്ടയ്ക്ക് തുടക്കമിട്ടു. ഏഴാം ഓവറിൽ തുടരെയുള്ള പന്തുകളിൽ ചിരാഗ് ജാനിയെയും അർപ്പിത് വസവദയെയും പുറത്താക്കി നിധീഷ് വീണ്ടും പ്രഹരമേല്പിച്ചു. ചിരാഗ് അഞ്ച് റൺസെടുത്തപ്പോൾ റണ്ണൊന്നുമെടുക്കാതെയാണ് അർപ്പിത് മടങ്ങിയത്. ഇതോടെ മൂന്ന് വിക്കറ്റിന് ഏഴ് റൺസെന്ന നിലയിലായ സൗരാഷ്ട്രയെ ജയ് ഗോഹിലും പ്രേരക് മങ്കാദും ചേർന്ന നാലാം വിക്കറ്റ് കൂട്ടുകെട്ടാണ് കരകയറ്റിയത് . ഇരുവരും ചേർന്ന് 69 റൺസാണ് കൂട്ടിച്ചേർത്തത്. ഉച്ചഭക്ഷണത്തിന് തൊട്ടു മുൻപ് പ്രേരക് മങ്കാദിനെ പുറത്താക്കി നിധീഷ് വീണ്ടും കേരളത്തിന് നിർണ്ണായക വഴിത്തിരിവ് സമ്മാനിച്ചു. 13 റൺസെടുത്ത പ്രേരക്, നിധീഷിന്റെ പന്തിൽ മൊഹമ്മദ് അസറുദ്ദീൻ ക്യാച്ചെടുത്താണ് പുറത്തായത്. അടുത്ത ഓവറിൽ ഒരു റണ്ണെടുത്ത അൻഷ് ഗോസായിയെയും അസറുദ്ദീന്റെ കൈകളിലെത്തിച്ച് നിധീഷ് അഞ്ച് വിക്കറ്റ് നേട്ടം പൂർത്തിയാക്കി. മറുവശത്ത് ഉറച്ച് നിന്ന ജയ് ഗോഹിൽ തുടർന്നെത്തിയ ഗജ്ജർ സമ്മാറുമായി ചേർന്ന് ഇന്നിങ്സ് മുന്നോട്ടു നീക്കി.ഇരുവരും ചേർന്ന് 41 റൺസ് കൂട്ടിച്ചേർത്തു. എന്നാൽ 84 റൺസെടുത്ത ജയ് ഗോഹിലിനെ ഏദൻ ആപ്പിൾ ടോം പുറത്താക്കിയതോടെ സൗരാഷ്ട്രയുടെ ഇന്നിങ്സ് വീണ്ടും തകർച്ചയിലേക്ക് നീങ്ങി. 23 റൺസെടുത്ത ഗജ്ജറിനെയും 11 റൺസെടുത്ത ധർമ്മേന്ദ്ര സിങ് ജഡേജയെയും ഒരു റണ്ണെടുത്ത ഹിതൻ കാംബിയെയും പുറത്താക്കി ബാബ അപരാജിത് സൗരാഷ്ട്രയുടെ ചെറുത്തുനില്പിന് അവസാനമിട്ടു. ക്യാപ്റ്റൻ ജയ്ദേവ് ഉനദ്ഘട്ടിനെ നിധീഷും പുറത്താക്കി.ആറ് വിക്കറ്റ് വീഴ്ത്തിയ നിധീഷിന് പുറമെ ബാബ അപരാജിത് മൂന്നും ഏദൻ ആപ്പിൾ ടോം ഒരു വിക്കറ്റും വീഴ്ത്തി.മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളത്തിന് രോഹൻ കുന്നുമ്മലും എ കെ ആകർഷും ചേർന്നാണ് ഇന്നിങ്സ് തുറന്നത്. ഇരുവരും ചേർന്നുള്ള ഓപ്പണിങ് കൂട്ടുകെട്ടിൽ 61 റൺസ് പിറന്നു. രോഹൻ കുന്നുമ്മൽ ഏകദിന ശൈലിയിൽ ബാറ്റ് വീശിയതോടെ അതിവേഗത്തിലാണ് കേരളത്തിന്റെ ഇന്നിങ്സ് മുന്നോട്ടു നീങ്ങിയത്. ആദ്യ ദിവസത്തെ കളി അവസാനത്തോട് അടുക്കെ ആകർഷിന്റെയും സച്ചിൻ ബേബിയുടെ വിക്കറ്റുകൾ കേരളത്തിന് നഷ്ടമായി. ആകർഷ് 18ഉം സച്ചിൻ ബേബി ഒരു റണ്ണും നേടിയാണ് പുറത്തായത്. ഹിതെൻ കാംബിയാണ് ഇരു വിക്കറ്റുകളും നേടിയത്. കളി നിർത്തുമ്പോൾ രോഹൻ 59ഉം അഹ്മദ് ഇമ്രാൻ രണ്ട് റൺസുമായി ക്രീസിലുണ്ട്. 58 പന്തുകളിൽ ഒൻപത് ഫോറും ഒരു സിക്സുമടക്കമാണ് രോഹൻ 59 റൺസ് നേടിയത്.

# നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ടിലൂടെ 1441.24 കോടി രൂപയുടെ പദ്ധതികൾക്ക് ഉന്നതാധികാര സമിതിയുടെ അംഗീകാരം

തിരുവനന്തപുരം : നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ടിന്റെ (ആർഐഡിഎഫ്) ട്രഞ്ച് 31-ന് കീഴിൽ കേരളത്തിനായി 1441.24 കോടി രൂപയുടെ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള ഉന്നതാധികാര സമിതി തത്വത്തിൽ അംഗീകാരം നൽകി. ആർഐഡിഎഫ് ട്രഞ്ച് 31-ന്റെ 550 കോടി രൂപയുടെ നോർമേറ്റീവ് അലോക്കേഷൻ പരിഗണിച്ചാണ് പദ്ധതികൾ ശുപാർശ ചെയ്തത്.

വനം വകുപ്പിന് 159.64 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയത്. ഇതിൽ റാപ്പിഡ് റെസ്പോൺസ് യൂണിറ്റുകൾ, ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സുകൾ എന്നിവയുടെ നിർമ്മാണവും വനം ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനവും ഉൾപ്പെടുന്നു. വൈദ്യുതി വകുപ്പിന് കീഴിൽ കൃഷി വകുപ്പ് ഗുണഭോക്താക്കൾക്കായി 5689 സോളാർ പമ്പുകൾ സ്ഥാപിക്കുന്നതിനായി 199.70 കോടി രൂപ അനുവദിച്ചു.ജലവിഭവ വകുപ്പിന് ജലസേചന പദ്ധതികൾക്കായി 176.42 കോടി രൂപയുടെ ശുപാർശയുണ്ട്. പഴശ്ശി , കാരാപ്പുഴ ജലസേചന പദ്ധതികളിലെ കനാലുകളുടെ നവീകരണമാണ് പ്രധാന ലക്ഷ്യം. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് തൃശൂർ, കൊല്ലം, പത്തനംതിട്ട, എറണാകുളം, മലപ്പുറം ജില്ലകളിലെ പടവ് നിലങ്ങളുടെയും കുളങ്ങളുടെയും നവീകരണവും വികസനവും ഉൾപ്പെടെ ആറ് പദ്ധതികൾക്കായി 261 കോടി രൂപ ശുപാർശ ചെയ്തു.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ നിപ്മെറിൽ 250 കിടക്കകളുള്ള പുനരധിവാസ ആശുപത്രി, അക്കാദമിക് ബ്ലോക്ക് നിർമ്മാണം എന്നിവയ്ക്കായി 73.00 കോടി രൂപയാണ് ശുപാർശ ചെയ്തത്. കൃഷി വകുപ്പിന് 12 ജില്ലകളിലായി 26 സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിക്കൽ, ആലപ്പുഴ ജില്ലയിലെ വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം, കണ്ണൂർ ജില്ലയിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെ 176.14 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി. തീരദേശ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് മയ്യലിലും മുല്ലക്കോടിയിലും ബോട്ട് ജെട്ടികൾ നിർമ്മിക്കൽ, ടി.എസ്. കനാലിന് കുറുകെയുള്ള പാലങ്ങൾ ഉൾപ്പെടെ ആറ് പാലങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി 217 കോടി രൂപ ശുപാർശ ചെയ്തു.

കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് ആധുനിക വെയർഹൗസുകളുടെയും ഗോഡൗണുകളുടെയും നിർമ്മാണത്തിനായി 44.92 കോടി രൂപയും കേരള അഗ്രോ മെഷിനറി കോർപ്പറേഷന് വജ്ര 120 പവർ ടില്ലർ നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 36.45 കോടി രൂപയും അനുവദിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന് കോംപ്രിഹെൻസീവ് മുനിസിപ്പൽ ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ് ആൻഡ് റോഡ് റെസ്റ്റോറേഷൻ പ്രോജക്ടിന് കീഴിലുള്ള പദ്ധതികൾക്കായി 165 കോടി രൂപ നീക്കിവച്ചു. മണ്ണ് സർവേ ആൻഡ് മണ്ണ് സംരക്ഷണ വകുപ്പിന് നോർത്ത്, സൗത്ത് സോണുകളിലെ വാട്ടർഷെഡുകളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 69.46 കോടി രൂപയുടെ ശുപാർശകളാണ് അംഗീകരിച്ചത്.

മത്സ്യബന്ധന-തുറമുഖ എഞ്ചിനീയറിംഗ് വകുപ്പുകൾ സമർപ്പിച്ച 243 കോടി രൂപയുടെ പദ്ധതികൾ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതിക്ക് കീഴിൽ കുറഞ്ഞ പലിശ നിരക്കിൽ ഏറ്റെടുക്കാൻ ശുപാർശ ചെയ്തു. ഇതിൽ ചെല്ലാനം, ചെറുവത്തൂർ, മഞ്ചേശ്വരം ഫിഷിംഗ് ഹാർബറുകളുടെ നവീകരണവും അഴീക്കോട് ഫിഷ് ലാൻഡിംഗ് സെന്ററിനെ ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതും മത്സ്യഫെഡ് നെറ്റ് ഫാക്ടറിയുടെ നിർമ്മാണവും ഉൾപ്പെടുന്നു.

ആർഐഡിഎഫ് ട്രഞ്ച് 26-ന്റെ ബില്ലുകൾ സമർപ്പിക്കാനുള്ള അവസാന തീയതി 2025 ഡിസംബർ 31 വരെയാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. ആർഐഡിഎഫ് ട്രഞ്ച് 27, 2026 മാർച്ച് 31-ന് അവസാനിക്കുന്നതിനാൽ ഈ ട്രഞ്ചിലെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാനും ക്ലെയിമുകൾ സമർപ്പിക്കാനും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അദ്ദേഹം നിർദ്ദേശം നൽകി.

# തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്ന് സ്വർണം കാണാതായ സംഭവം

## 6 ജീവനക്കാരുടെ നുണപരിശോധന നടത്താൻ കോടതി ഉത്തരവ്

തിരുവനന്തപുരം: തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ നിന്ന് സ്വർണം കാണാതായ സംഭവത്തിൽ 6 ജീവനക്കാരെ നുണപരിശോധനയ്ക്ക് വിധേയമാക്കാൻ കോടതി ഉത്തരവിട്ടു. തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. പ്രതികളെന്ന് സംശയിക്കുന്നവർ തങ്ങൾക്ക് മാത്രം അറിയാവുന്ന രഹസ്യം വെളിപ്പെടുത്താൻ നുണപരിശോധന അനിവാര്യമാണെന്ന ഫോർട്ട് പൊലീസ് അപേക്ഷയിലാണ് കോടതി ഉത്തരവ് . നുണ പരിശോധനയ്ക്ക് മുൻപ് അനുമതി പത്രം വാങ്ങണമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്. ശ്രീകോവിലിൻറെ വാതിൽ സ്വർണം പൂശാൻ സ്ട്രോങ്ങ് റൂമിൽ നിന്ന് എടുത്ത സ്വർണത്തിൽ നിന്ന് 13 പവൻ കാണാതായിയെന്നാണ് പരാതി.പൊലീസ് അന്വേഷണം തുടങ്ങിയപ്പോൾ മണലിൽ പൊതിഞ്ഞ നിലയിൽ ക്ഷേത്രപരിസരത്ത് നിന്ന് സ്വർണം കണ്ടെത്തിയിരുന്നു. ഇക്കഴിഞ്ഞ മേയ് ഏഴിനും 10നും ഇടയിലാണ് സ്വർണം കാണാതായത്. ഇതെതുടർന്ന് ക്ഷേത്രം മാനേജർ ആണ് പൊലീസിൽ പരാതി നൽകിയത്. ക്ഷേത്രം പരിസരത്തെ മണലിൽ പൊതിഞ്ഞ നിലയിലാണ് സ്വർണം കണ്ടെത്തിയത്.

# കൈറ്റിന്റെ 'എന്റെ സ്കൂൾ എന്റെ അഭിമാനം'

## റീൽസ് മത്സരത്തിൽ നൂറു സ്കൂളുകൾക്ക് വിജയം

തിരുവനന്തപുരം: സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എജ്യൂക്കേഷൻ (കൈറ്റ്) സംഘടിപ്പിച്ച 'എന്റെ സ്കൂൾ എന്റെ അഭിമാനം' റീൽസ് മത്സരത്തിൽ വിജയികളായ 100 സ്കൂളുകളെ പ്രഖ്യാപിച്ചു. 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റുകൾ വഴി നടത്തിയ റീൽസ് മത്സരത്തിൽ പങ്കെടുത്ത 1555 സ്കൂളുകളിൽ നിന്നാണ് ഒന്നര മിനിറ്റിൽ താഴെ ദൈർഘ്യമുള്ള മികച്ച നൂറു റീലുകൾ തെരഞ്ഞെടുത്തത്.

തിരുവനന്തപുരം ജില്ലയിലെ ജിവിഎച്ച്എസ് കരകുളത്തിനാണ് ഒന്നാം സമ്മാനം. അച്യുതവാര്യർ എച്ച്എസ്എസ്, പൊന്നാനി (മലപ്പുറം), എസ്എൻഡിപി എച്ച്എസ് ഉദയംപേരൂർ (എറണാകുളം) സ്കൂളുകൾ രണ്ടാംസ്ഥാനവും ഇടയൂർ എഎംഎൽപിഎസ്(മലപ്പുറം), എച്ച്എംഎച്ച്എസ്എസ് പഴകുളം (കൊല്ലം) സ്കൂളുകൾ മൂന്നാം സ്ഥാനവും പങ്കിട്ടു. ജിജിവിഎച്ച് എസ്എസ് ഫറോക്ക് (കോഴിക്കോട്), കൊച്ചു കൊട്ടാരം എൽപി സ്കൂൾ ഞണ്ട്പാറ (കോട്ടയം), ജിഎച്ച്എസ് വടശേരി (മലപ്പറം), എംകെഎച്ച്എംഎച്ച് എസ്എസ് മുക്കം (കോഴിക്കോട്) സ്കൂളുകൾ ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹമായി.

30,000, 20,000, 15,000 രൂപ വീതം യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്കും 10,000 രൂപ പ്രത്യേക പരാമർശത്തിന് അർഹമായ സ്കൂളുകൾക്കും ലഭിക്കും.

മറ്റു 91 സ്കൂളുകക്ക് 5,000 രൂപ വീതം ലഭിക്കും. 26 സ്കൂളുകളുമായി മലപ്പുറം ജില്ലയാണ് വിജയികളിൽ ഏറ്റവും മുന്നിൽ. 14 സ്കൂളുകൾ എറണാകുളത്ത് നിന്നും 10 സ്കൂളുകൾ കാസർകോടിൽ നിന്നും വിജയികളായി. കോഴിക്കോട് എട്ട്,പത്തനംതിട്ട ഏഴ്,പാലക്കാട് ആറ്,വയനാട്, കോട്ടയം അഞ്ച് വീതവും, ആലപ്പുഴ, കൊല്ലം, കണ്ണൂർ, തിരുവനന്തപുരം നാല് വീതവും, ഇടുക്കി രണ്ട്,തൃശൂർ ഒന്ന് എന്നിങ്ങനെയാണ് വിജയികളുടെ ജില്ലാ പ്രാതിനിധ്യം. കൈറ്റ് സിഇഒ കെ അൻവർ സാദത്ത് ചെയർമാനും സിഡിറ്റ് മുൻ ജോയിന്റ് ഡയറക്ടർ കെ മോഹൻ കുമാർ, എസ്സിഇആർടി റിസർച്ച് ഓഫിസർ രാജേഷ് വള്ളിക്കോട്, ഡോക്യുമെന്ററി സംവിധായിക ചന്ദ്രലേഖ സി എസ്, കൈറ്റ് വിക്ടേഴ്സ് സീനിയർ ക്രിയേറ്റീവ് എ!ഡിറ്റർ കെ മനോജ് കുമാർ എന്നിവർ അംഗങ്ങളുമായ സമിതിയാണ് അവാർഡുകൾ നിശ്ചയിച്ചത്.

15 ന് കൈറ്റിന്റെ പതിനാല് ജില്ലാ ഓഫിസുകളേയും ബന്ധിപ്പിച്ച് നടത്തുന്ന ചടങ്ങിൽ നൂറ് സ്കൂളുകളേയും ആദരിക്കുമെന്ന് കൈറ്റ് സി ഇഒകെ അൻവർ സാദത്ത് പറഞ്ഞു.

# ശബരിമല ദർശനം വെർച്വൽ ക്യൂ ബുക്കിങ് നിർബന്ധം

തിരുവനന്തപുരം: ?ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിന് വെർചൽ ക്യൂ ബുക്കിങ് നിർബന്ധം. തിരക്ക് ഒഴിവാക്കുന്നതിനായി ഭക്തർ ബുക്കിങ്ങിൽ അനുവദിച്ചിട്ടുള്ള സമയ സ്ലോട്ട് കർശനമായി പാലിക്കണം. സ്പോട്ട് ബുക്കിങ്ങുകൾ വളരെ പരിമിതമാണ്, അതിനാൽ മുൻകൂർ വെർചൽ ക്യൂ ബുക്കിങ് ഇല്ലാതെ എത്തുന്ന എല്ലാ ഭക്തരെയും ഉൾക്കൊള്ളാൻ കഴിയില്ല. വെർചൽ ക്യൂ ബുക്കിങ് ഇല്ലാത്തവർക്ക് ദർശനത്തിനു അസൗകര്യവും നീണ്ട കാത്തിരിപ്പ് സമയവും ഉണ്ടാകാൻ സാധ്യതയുണ്ട്. അനിയന്ത്രിതമായ തിരക്ക് സുരക്ഷാ ക്രമീകരണങ്ങളെ തടസപ്പെടുത്താൻ സാധ്യതയുള്ളതിനാൽ, തീർത്ഥാടകർ യാത്ര ആരംഭിക്കുന്നതിന് മുമ്പ് ഒരുവെർചൽ ക്യൂ സ്ലോട്ട് ഉറപ്പാക്കാൻ ശ്രദ്ധിക്കണം. കൂടാതെ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകർ അനുവദിച്ച സമയത്തിനുള്ളിൽ മാത്രം എത്തുന്ന രീതിയിൽ യാത്ര ആസൂത്രണം ചെയ്യേണ്ടതാണ്.

നിർദേശങ്ങൾ (ബോക്സ്)

* കയറ്റത്തിനിടയിൽ 10 മിനിറ്റ് നടന്നതിന് ശേഷം അഞ്ച് മിനിറ്റ് വിശ്രമിക്കുക

* പരമ്പരാഗത പാതയായ മരക്കൂട്ടം, ശരംകുത്തി, നടപന്തൽ എന്നിവയിലൂടെ സന്നിധാനത്ത് എത്തുക

* പതിനെട്ടാംപടിയിലെത്താൻ ക്യൂ സംവിധാനം പാലിക്കുക

* മടക്കയാത്രയ്ക്ക് നടപന്തൽ ഫ്ലൈഓവർ ഉപയോഗിക്കുക

* ഡോളി ഉപയോഗിക്കുമ്പോൾ, ദേവസ്വം കൗണ്ടറിൽ മാത്രം പണമടച്ച് രസീത് സൂക്ഷിക്കുക

* സുരക്ഷാ പരിശോധനാ പോയിന്റുകളിൽ സുരക്ഷാ പരിശോധനയ്ക്ക് വിധേയരാകുക.

* എന്തെങ്കിലും സഹായത്തിന് പൊലീസിനെ സമീപിക്കുക

* വാഹന തകരാർ, അപകടങ്ങൾ, മെഡിക്കൽ അടിയന്തരാവസ്ഥകൾ, മൃഗങ്ങളുടെ ഭീഷണി, മോഷണം/കുറ്റകൃത്യങ്ങൾ, കാണാതായ വ്യക്തികൾ തുടങ്ങിയ പ്രതിസന്ധി സാഹചര്യങ്ങളിൽ പൊലീസിനെ ബന്ധപ്പെടാൻ '14432' എന്ന ഹെൽപ്പ്ലൈൻ നമ്പർ ലഭ്യമാണ്

* ലൈസൻസുള്ള ഔട്ട്ലെറ്റുകളിൽ നിന്ന് മാത്രം ഭക്ഷ്യവസ്തുക്കൾ വാങ്ങുക

* പമ്പ, സന്നിധാനം, ട്രെക്കിങ് പാതകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുക

* അനുവദിച്ച പാർക്കിങ് സ്ഥലങ്ങളിൽ മാത്രം വാഹനങ്ങൾ പാർക്ക് ചെയ്യുക

* മാലിന്യം മാലിന്യ പെട്ടികളിൽ മാത്രം നിക്ഷേപിക്കുക

* ആവശ്യമെങ്കിൽ മെഡിക്കൽ സെന്ററുകളുടെയും ഓക്സിജൻ പാർലറുകളുടെയും സൗകര്യങ്ങൾ ഉപയോഗിക്കുക

* കുട്ടികൾ, പ്രായമായവർ, മാളികപ്പുറങ്ങൾ (പെൺകുട്ടികൾ) എന്നിവരുടെ കഴുത്തിൽ തൂക്കേണ്ട വിലാസവും കോൺടാക്റ്റ് നമ്പറുകളും അടങ്ങിയ തിരിച്ചറിയൽ കാർഡുകൾ.

* ഗ്രൂപ്പുകളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ ഒറ്റപ്പെടൽ ഉണ്ടായാൽ ഭക്തർക്ക് പൊലീസ് എയ്ഡ് പോസ്റ്റുകളിൽ റിപ്പോർട്ട് ചെയ്യാം

1) ക്ഷേത്ര പരിസരത്ത് മൊബൈൽ ഫോൺ ഉപയോഗിക്കരുത്.

2) പമ്പയിലും സന്നിധാനത്തും വഴിമധ്യേ പുകവലിക്കരുത്.

3) മദ്യമോ മയക്കുമരുന്നോ ഉപയോഗിക്കരുത്.

4) ക്യൂ മറികടക്കരുത്.

5) ക്യൂവിൽ നിൽക്കുമ്പോൾ തിരക്കുകൂട്ടരുത്.

6) ആയുധങ്ങളോ മറ്റ് സ്ഫോടക വസ്തുക്കളോ കൊണ്ടുപോകരുത്.

7) അനധികൃത വിൽപ്പനക്കാരെ സ്വീകരിക്കരുത്.

8) ടോയ്ലറ്റുകൾക്ക് പുറത്ത് മൂത്രമൊഴിക്കുകയോ കക്കൂസുകൾക്ക് പുറത്ത് മലമൂത്ര വിസർജ്ജനം നടത്തുകയോ ചെയ്യരുത്.

9) ഒരു സേവനത്തിനും അധിക പണം നൽകരുത്.

10) ഏതെങ്കിലും സഹായത്തിനായി പോലീസിനെ സമീപിക്കാൻ മടിക്കരുത്.

11) മാലിന്യക്കൂമ്പാരങ്ങൾ ഒഴികെ മറ്റെവിടെയും മാലിന്യം വലിച്ചെറിയരുത്.

12) പതിനെട്ടാംപടിയിൽ തേങ്ങ ഉടയ്ക്കരുത്.

13) പതിനെട്ടാംപടിയുടെ ഇരുവശങ്ങളിലുമുള്ള നിയുക്ത സ്ഥലങ്ങളിലല്ലാതെ മറ്റെവിടെയും തേങ്ങ ഉടയ്ക്കരുത്. 14) പവിത്രമായ പടികൾ കയറുമ്പോൾ പതിനെട്ടാംപടിയിൽ മുട്ടുകുത്തരുത്.

15) മടക്കയാത്രയ്ക്ക് നടപന്തൽ ഫ്ലൈഓവർ ഒഴികെയുള്ള മറ്റൊരു പാതയും ഉപയോഗിക്കരുത്.

16) അപ്പർ തിരുമുറ്റത്തോ തന്ത്രിനടയിലോ എവിടെയും വിശ്രമിക്കരുത്.

17 നടപന്തലിലും താഴത്തെ തിരുമുറ്റത്തും വിരികൾ (ഗ്രൗണ്ട് മാറ്റുകൾ) വിരിക്കാൻ പാതകൾ ഉപയോഗിക്കരുത്.

18) പുണ്യനദിയായ പമ്പയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കരുത്

# ശാസ്ത്രോത്സവ ഉദ്ഘാടനത്തിൽ രാഹുൽ മാങ്കൂട്ടത്തിൽ പങ്കെടുത്തത് ഗൗരവത്തോടെ കാണുന്നു: മന്ത്രി വി ശിവൻകുട്ടി

തിരുവനന്തപുരം: സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന്റെ ഉദ്ഘാടന വേദിയിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ പങ്കെടുത്തതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിഷയത്തെ പൊതുവിദ്യാഭ്യാസ വകുപ്പ് ഗൗരവത്തോടെയാണ് കാണുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി. ലൈംഗികാരോപണം നേരിടുന്ന ഒരു വ്യക്തി, കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ഉൾപ്പെടെ വലിയൊരു സമൂഹം പങ്കെടുക്കുന്ന ഒരു പൊതുപരിപാടിയുടെ, പ്രത്യേകിച്ച് ശാസ്ത്രരംഗത്തെ വിദ്യാർത്ഥികളുടെ മുന്നേറ്റം ലക്ഷ്യമിടുന്ന ഒരു പരിപാടിയുടെ, വേദിയിൽ എത്തിയത് ഉണ്ടാക്കുന്ന അതൃപ്തിയും ആശങ്കകളും മനസിലാക്കുന്നു.

ഇത്തരം വിവാദങ്ങൾക്ക് ഇടവരുത്തുന്നത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉന്നതമായ ലക്ഷ്യങ്ങൾക്ക് യോജിച്ചതല്ല. ഒരു ജനപ്രതിനിധിയെ നിയമപരമായി വേദിയിൽ നിന്ന് മാറ്റി നിർത്താൻ കഴിയില്ലെങ്കിലും, പൊതുസമൂഹത്തിന് മുന്നിൽ നിൽക്കുമ്പോൾ പാലിക്കേണ്ട ധാർമികമായ ഉത്തരവാദിത്തവും മാന്യതയും ഓരോ വ്യക്തിയും സ്വയം പാലിക്കേണ്ടതുണ്ട്. എന്നാൽ, പൊതുസമൂഹത്തിൽ, പ്രത്യേകിച്ചും കുട്ടികൾക്ക് മാതൃകയാകേണ്ട വേദികളിൽ, ആരോപണ വിധേയരായ വ്യക്തികൾ സ്വയമേവ വിട്ടുനിൽക്കുന്നതാണ് ഉചിതമായ നിലപാടെന്ന് ഈ സർക്കാർ വിശ്വസിക്കുന്നു.

ഭാവിയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന ഇത്തരം പരിപാടികളിൽ, വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും ആത്മവിശ്വാസത്തെയും ധാർമിക ചിന്തകളെയും പ്രതികൂലമായി ബാധിക്കുന്ന ഒരു സാഹചര്യവും ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്താനുള്ള നിർദേശം നൽകും.

# കടൽ സുരക്ഷയ്ക്ക് 'സാഗർ കവച്' നാവിക അഭ്യാസം

കൊച്ചി: കേരളത്തിനും മാഹി, ലക്ഷദ്വീപ് എന്നീ കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി 'സാഗർ കവച്' ദ്വിദിന തീരദേശ സുരക്ഷാ അഭ്യാസം നടത്തി. കടലിൽ നിന്ന് ഉണ്ടാകാൻ സാധ്യതയുള്ള ഭീഷണികളെ നേരിടാനുള്ള എല്ലാ ഏജൻസികളുടേയും സജ്ജീകരണങ്ങൾ വിലയിരുത്തുന്നതിനാണ് ഈ അഭ്യാസം സംഘടിപ്പിച്ചത്.

അഭ്യാസത്തിനിടെ ഇന്ത്യൻ നാവികസേനയുടെ കപ്പലുകൾ, കോസ്റ്റൽ പൊലീസ്, കസ്റ്റംസ്, മറൈൻ എൻഫോഴ്സ്മെന്റ് വിങ് , കൊച്ചി തുറമുഖ അതോറിട്ടി എന്നിവയുടെ പട്രോളിംഗ് ബോട്ടുകൾ എന്നിവ കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും തീരത്ത് വിന്യസിച്ചിരുന്നു.

ഇന്ത്യൻ നാവികസേനയുടേയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും വ്യോമസേനാ യൂണിറ്റുകൾ വ്യോമ നിരീക്ഷണവും നടത്തി.കോസ്റ്റൽ ഡിഫൻസ് (സൗത്ത്) കമാൻഡർ ഇൻ ചീഫ് കൂടിയായ സതേൺ നേവൽ കമാൻഡ് ഫ്ലാഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേനയുടെ(എവിഎസ്എം, എൻഎം)നേതൃത്വത്തിലാണ് അഭ്യാസം നടത്തിയത്.

കടലിൽ ബഹുതല സുരക്ഷ വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത, തുറമുഖങ്ങളുടെ സുരക്ഷാ ഘടനയുടെ സാധുത, ഭീഷണികളെ നേരിടുന്നതിന് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുക എന്നിവയായിരുന്നു തീരദേശ സുരക്ഷാ ഘടന മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച പ്രധാന മേഖലകൾ.

തീരദേശ സുരക്ഷ ഒരു കൂട്ടായ ഉത്തരവാദിത്തമായതിനാൽ, എല്ലാ പങ്കാളികളും തമ്മിലുള്ള സഹകരണത്തിനും ഏകോപനത്തിനും സുരക്ഷാ ഏജൻസികൾക്ക് 'കണ്ണും കാതും' എന്ന നിലയിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പങ്ക് ഊന്നിപ്പറയുന്നതിനും ഈ അഭ്യാസം സാക്ഷ്യം വഹിച്ചു.

നോട്ടിക്കൽ ടൈംസ് കേരള



# വന്ദേ ഭാരത്, നമോ ഭാരത്, അമൃത് ഭാരത് തുടങ്ങിയ ട്രെയിനുകൾ ഇന്ത്യൻ റെയിൽവേയുടെ അടുത്ത തലമുറയ്ക്ക് അടിത്തറ പാകുന്നു: പ്രധാനമന്ത്രി

ന്യൂഡൽഹി: ഇന്ത്യയുടെ ആധുനിക റെയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവെപ്പായി, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിലെ വാരാണസിയിൽ നിന്നുകൊണ്ട് രാജ്യത്തെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു.

ചടങ്ങിനെ അഭിസംബോധന ചെയ്ത ശ്രീ മോദി എല്ലാ വിശിഷ്ടാതിഥികളെയും സ്വാഗതം ചെയ്യുകയും ബാബ വിശ്വനാഥന്റെ പുണ്യനഗരമായ വാരാണസിയിലെ എല്ലാ കുടുംബങ്ങൾക്കും ആദരപൂർവ്വം ആശംസകൾ അർപ്പിക്കുകയും ചെയ്തു. ദേവ് ദീപാവലി ആഘോഷങ്ങളുടെ അസാധാരണമായ കാഴ്ചകളെക്കുറിച്ച് പരാമർശിച്ച അദ്ദേഹം ഇന്നത്തെ ദിവസം ശുഭകരമായ വേളയാണെന്ന് അഭിപ്രായപ്പെടുകയും, വികസനത്തിന്റെ ഈ ഉത്സവത്തിന് എല്ലാവർക്കും ആശംസകൾ നേരുകയും ചെയ്തു.

ലോകത്തിലെ വികസിത രാജ്യങ്ങളിലെല്ലാം സാമ്പത്തിക വളർച്ചയുടെ പ്രധാന പ്രേരകശക്തി ശക്തമായ അടിസ്ഥാന സൗകര്യങ്ങളാണെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട്, ഗണ്യമായ വളർച്ചയും വികസനവും കൈവരിച്ച എല്ലാ രാജ്യങ്ങളിലും അടിസ്ഥാന സൗകര്യങ്ങളുടെ പുരോഗതിക്ക് സുപ്രധാന പങ്കുണ്ടെന്ന് ശ്രീ മോദി എടുത്തുപറഞ്ഞു. ഇന്ത്യയും ഈ പാതയിൽ അതിവേഗം മുന്നോട്ട് കുതിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഇതിന്റെ ഭാഗമായി, രാജ്യത്തിന്റെ വിവിധ മേഖലകളിൽ പുതിയ വന്ദേ ഭാരത് ട്രെയിനുകൾ ആരംഭിക്കുകയാണെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ബനാറസ്-ഖജുരാവോ വന്ദേ ഭാരതിന് പുറമെ, ഫിറോസ്പൂർ-ഡൽഹി, ലഖ്നൗ-സഹരൺപൂർ , എറണാകുളം-ബെംഗളൂരു വന്ദേ ഭാരത് എക്സ്പ്രസ്സുകൾ അദ്ദേഹം ഫ്ലാഗ് ഓഫ് ചെയ്തു. ഈ നാല് പുതിയ ട്രെയിനുകൾ കൂടി ആരംഭിച്ചതോടെ, രാജ്യത്ത് സർവീസ് നടത്തുന്ന വന്ദേ ഭാരത് ട്രെയിനുകളുടെ എണ്ണം160 കടന്നു. ഈ ട്രെയിനുകൾ ആരംഭിച്ചതിൽ വാരാണസിയിലെ ജനങ്ങൾക്കും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും പ്രധാനമന്ത്രി അഭിനന്ദനങ്ങൾ അറിയിച്ചു.

'വന്ദേ ഭാരത്, നമോ ഭാരത്, അമൃത് ഭാരത് തുടങ്ങിയ ട്രെയിനുകളാണ് ഇന്ത്യൻ റെയിൽവേയുടെ അടുത്ത തലമുറയ്ക്ക് അടിത്തറയിടുന്നത്,' ഇന്ത്യൻ റെയിൽവേയെ പരിവർത്തനം ചെയ്യുന്നതിനുള്ള സമഗ്രമായ പ്രചാരണമാണിതെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. 'ഇന്ത്യക്കാർക്ക് വേണ്ടി, ഇന്ത്യക്കാർ നിർമ്മിച്ച, ഇന്ത്യക്കാരുടേതായ ട്രെയിനാണ് വന്ദേ ഭാരത്. ഇത് ഓരോ ഇന്ത്യക്കാരനിലും അഭിമാനം നിറയ്ക്കുന്നു,' എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. വന്ദേ ഭാരത് ട്രെയിൻ കാണുമ്പോൾ വിദേശ യാത്രക്കാർ പോലും അത്ഭുതപ്പെടുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വികസിത ഭാരതത്തിനുവേണ്ടി വിഭവങ്ങൾ വർദ്ധിപ്പിക്കാനുള്ള ദൗത്യത്തിലാണ് ഇന്ത്യ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതെന്നും, ഈ യാത്രയിൽ ഇത്തരം ട്രെയിനുകൾ നാഴികക്കല്ലുകളായി മാറാൻ സാധ്യതയുണ്ടെന്നും ശ്രീ മോദി എടുത്തുപറഞ്ഞു.

ഇന്ത്യയിൽ തീർത്ഥാടനം എന്നത് നൂറ്റാണ്ടുകളായി ദേശീയ ബോധത്തിന്റെ മാധ്യമമായാണ് കണക്കാക്കപ്പെടുന്നതെന്ന് എടുത്തു കാണിച്ച ശ്രീ മോദി, ഈ യാത്രകൾ വെറും ദർശനത്തിനുള്ള വഴികൾ മാത്രമല്ല, ഇന്ത്യയുടെ ആത്മാവുമായി ബന്ധിപ്പിക്കുന്ന പുണ്യ പാരമ്പര്യങ്ങളാണെന്നും ഊന്നിപ്പറഞ്ഞു. പ്രയാഗ്‌രാജ്, അയോധ്യ, ഹരിദ്വാർ, ചിത്രകൂട്, കുരുക്ഷേത്രം എന്നിവ രാജ്യ പൈതൃകത്തിന്റെ ആത്മീയ കേന്ദ്രങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. 'ഈ പുണ്യസ്ഥലങ്ങൾ ഇപ്പോൾ വന്ദേ ഭാരത് ശൃംഖല വഴി ബന്ധിപ്പിക്കപ്പെടുന്നു; ഇത് ഇന്ത്യയുടെ സംസ്കാരം, വിശ്വാസം, വികസന യാത്ര എന്നിവയുടെ സംഗമമാണ്. പൈതൃക നഗരങ്ങളെ ദേശീയ പുരോഗതിയുടെ പ്രതീകങ്ങളാക്കി മാറ്റുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണിത്,' പ്രധാനമന്ത്രി വ്യക്തമാക്കി.

ഇന്ത്യയിലെ തീർത്ഥാടനങ്ങളുടെ പലപ്പോഴും ശ്രദ്ധിക്കപ്പെടാതെ പോകുന്ന സാമ്പത്തിക തലത്തെ എടുത്തു കാണിച്ചുകൊണ്ട്, കഴിഞ്ഞ 11 വർഷമായി ഉത്തർപ്രദേശിലെ വികസന സംരംഭങ്ങൾ തീർത്ഥാടനത്തിന് ഒരു പുതിയ മാനം നൽകിയതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. കഴിഞ്ഞ വർഷം മാത്രം 11 കോടി ഭക്തരാണ് ബാബ വിശ്വനാഥിന്റെ ദർശനത്തിനായി വാരാണസി സന്ദർശിച്ചത്. അയോധ്യയിൽ രാമക്ഷേത്രം നിർമ്മിച്ചതിനുശേഷം 6 കോടിയിലധികം പേർ രാംലല്ല ക്ഷേത്രം സന്ദർശിച്ചു. ഈ തീർത്ഥാടകർ ഉത്തർപ്രദേശിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ആയിരക്കണക്കിന് കോടി രൂപയുടെ സംഭാവന നൽകിയതായി ശ്രീ മോദി പറഞ്ഞു. ഈ ജനപ്രവാഹം സംസ്ഥാനത്തുടനീളമുള്ള ഹോട്ടലുകൾ, വ്യാപാരികൾ, ഗതാഗത കമ്പനികൾ, പ്രാദേശിക കലാകാരന്മാർ, ബോട്ട് ഓപ്പറേറ്റർമാർ എന്നിവർക്ക് സ്ഥിരമായ വരുമാന മാർഗ്ഗങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി, വാരാണസിയിലെ നൂറുകണക്കിന് യുവാക്കൾ ഇപ്പോൾ ഗതാഗത സേവനങ്ങൾ മുതൽ ബനാറസി സാരി ബിസിനസ്സ് വരെയുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുകയാണ്. ഈ വികസനങ്ങൾ ഉത്തർപ്രദേശിലും വാരാണസിയിലും അഭിവൃദ്ധിയുടെ വാതിലുകൾ തുറന്നതായി അദ്ദേഹം സ്ഥിരീകരിച്ചു.

വികസിത വാരാണസിയിലൂടെ വികസിത ഭാരതം എന്ന മന്ത്രം യാഥാർത്ഥ്യമാക്കാൻ, നഗരത്തിൽ നിരന്തരമായ അടിസ്ഥാന സൗകര്യ വികസനം നടക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഗുണനിലവാരമുള്ള ആശുപത്രികൾ സ്ഥാപിക്കൽ, അവയുടെ വിപുലീകരണം, ഗുണനിലവാരമുള്ള റോഡുകൾ, ഗ്യാസ് പൈപ്പ്‌ലൈൻ ശൃംഖലകൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവയുടെ ഗുണപരമായ മെച്ചപ്പെടുത്തലുകൾ വാരാണസിയിൽ നടക്കുന്നുണ്ടെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. റോപ്‌വേ പദ്ധതി അതിവേഗം പുരോഗമിക്കുന്നതായും ഗഞ്ചാരി, സിഗ്ര സ്റ്റേഡിയങ്ങൾ പോലുള്ള കായിക അടിസ്ഥാന സൗകര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞതായും അദ്ദേഹം സൂചിപ്പിച്ചു. ബനാറസ് സന്ദർശിക്കുന്നതും താമസിക്കുന്നതും ആസ്വദിക്കുന്നതും എല്ലാവർക്കും ഒരു പ്രത്യേക അനുഭവമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

വാരാണസിയിലെ ആരോഗ്യ സംരക്ഷണ സേവനങ്ങൾ മെച്ചപ്പെടുത്താൻ ഗവണ്മെന്റ് നിരന്തരം പ്രവർത്തിക്കുന്നുണ്ടെന്ന് സൂചിപ്പിച്ച ശ്രീ മോദി, 10-11 വർഷം മുമ്പുള്ള സാഹചര്യം അനുസ്മരിച്ചു. ഗുരുതരമായ അസുഖങ്ങൾക്ക് ബനാറസ് ഹിന്ദു സർവകലാശാല മാത്രമായിരുന്നു ഏക ആശ്രയമെന്നും, രോഗികളുടെ ബാഹുല്യം കാരണം പലർക്കും രാത്രികളോളം കാത്തിരുന്നിട്ടും ചികിത്സ ലഭിച്ചിരുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കാൻസർ പോലുള്ള രോഗങ്ങൾക്ക് ചികിത്സ തേടി മുംബൈയിലേക്ക് പോകാൻ ആളുകൾക്ക് ഭൂമിയും കൃഷിയിടങ്ങളും വിൽക്കേണ്ടി വന്നിരുന്നു. ഈ ആശങ്കകൾ കുറയ്ക്കാൻ തന്റെ ഗവണ്മെന്റ് ശ്രമം നടത്തിയിട്ടുണ്ട്. കാൻസർ ചികിത്സയ്ക്കുള്ള മഹാമാന കാൻസർ ആശുപത്രി, കണ്ണിന്റെ പരിചരണത്തിനായി ശങ്കർ നേത്രാലയ, ബിഎച്ച്യുവിലെ അത്യാധുനിക ട്രോമാ സെന്റർ, സെന്റനറി ഹോസ്പിറ്റൽ, പാണ്ഡേപൂരിലെ ഡിവിഷണൽ ആശുപത്രി എന്നിവ വാരാണസി, പൂർവാഞ്ചൽ, അയൽ സംസ്ഥാനങ്ങൾ എന്നിവയ്ക്ക് അനുഗ്രഹമായി മാറിയ സ്ഥാപനങ്ങളാണെന്ന് അദ്ദേഹം എണ്ണിപ്പറഞ്ഞു. ഈ ആശുപത്രികളിലെ ആയുഷ്മാൻ ഭാരത്, ജൻ ഔഷധി കേന്ദ്രങ്ങളിലൂടെ ലക്ഷക്കണക്കിന് പാവപ്പെട്ട രോഗികൾക്ക് കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത് പൊതുജനങ്ങളുടെ ആശങ്ക ലഘൂകക്കുക മാത്രമല്ല, വാരാണസിക്ക്, മുഴുവൻ മേഖലയുടെയും ആരോഗ്യ തലസ്ഥാനമെന്ന അംഗീകാരം നേടിക്കൊടുക്കുകയും ചെയ്തു.വാരാണസിയുടെ വികസനത്തിന്റെ ഈ വേഗതയും ഊർജ്ജവും നിലനിർത്തേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട്, നഗരത്തിന്റെ പ്രൗഢി അഭിവൃദ്ധിയോടെ അതിവേഗം വളരുന്നത് തുടരണമെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു. ലോകമെമ്പാടുമുള്ള ഓരോ സന്ദർശകനും ബാബാ വിശ്വനാഥന്റെ പുണ്യനഗരത്തിൽ അതുല്യമായ ഊർജ്ജവും ആവേശവും സന്തോഷവും അനുഭവിക്കാൻ കഴിയണം എന്ന കാഴ്ചപ്പാട് പ്രകടമാക്കിക്കൊണ്ട് അദ്ദേഹം തന്റെ പ്രസംഗം ഉപസംഹരിച്ചു.ഫ്ലാഗ് ഓഫ് ചടങ്ങിൽ പങ്കെടുത്ത വിദ്യാർത്ഥികളുമായി സംവദിച്ച കാര്യം ശ്രീ മോദി പരാമർശിച്ചു. വന്ദേ ഭാരത് ട്രെയിനുകളുടെ ഉദ്ഘാടന വേളയിൽ വിദ്യാർത്ഥികൾക്കിടയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നത് ഒരു പതിവാക്കിയതിന് ശ്രീ അശ്വിനി വൈഷ്ണവിനെ അദ്ദേഹം പ്രശംസിച്ചു. വികസിത് ഭാരത്, വികസിത് കാശി, സുരക്ഷിത് ഭാരത് തുടങ്ങിയ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള മത്സരത്തിൽ അവതരിപ്പിച്ച ചിത്രങ്ങൾക്കും കവിതകൾക്കും അദ്ദേഹം കുട്ടികളെ അഭിനന്ദിച്ചു. അവരുടെ മാതാപിതാക്കളുടെയും അധ്യാപകരുടെയും പിന്തുണയ്ക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും അദ്ദേഹം അഭിനന്ദനമറിയിച്ചു. കുട്ടികളുട ഒരു സാഹിത്യ സമ്മേളനം സംഘടിപ്പിക്കാമെന്നും അതിലെ എട്ടോ പത്തോ വിജയികളെ മറ്റ് മത്സരങ്ങൾക്കായി ഇന്ത്യയിലുടനീളം കൊണ്ടുപോകാമെന്നുമുള്ള ആശയവും പ്രധാനമന്ത്രി മുന്നോട്ടുവച്ചു. ഇത്രയും കഴിവുറ്റ കുട്ടികളുള്ള വാരാണസിയുടെ പാർലമെന്റ് അംഗമായതിൽ തനിക്ക് അഭിമാനമുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർക്കുകയും കുട്ടികളെ അഭിനന്ദിക്കുകയും ചെയ്തു.

ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ യോഗി ആദിത്യനാഥ്, കേന്ദ്രമന്ത്രി ശ്രീ അശ്വിനി വൈഷ്ണവ് എന്നിവരും മറ്റ് വിശിഷ്ട വ്യക്തികളും ചടങ്ങിൽ സന്നിഹിതരായിരുന്നു. കേരള ഗവർണർ ശ്രീ രാജേന്ദ്ര ആർലേക്കർ, കേന്ദ്രമന്ത്രിമാരായ ശ്രീ സുരേഷ് ഗോപി, ശ്രീ ജോർജ്ജ് കുര്യൻ, ശ്രീ രവ്നീത് സിംഗ് ബിട്ടു എന്നിവരും മറ്റ് വിശിഷ്ട വ്യക്തികളും വീഡിയോ കോൺഫറൻസിംഗ് വഴി പരിപാടിയിൽ പങ്കുചേർന്നു.

## പി.ജി. ഹോമിയോ പ്രവേശനം: ഓപ്ഷൻ നൽകാം

2025 – ലെ പി.ജി. ഹോമിയോപതി കോഴ്സിലേക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിനായി ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കി.

2025 ലെ പി.ജി. ഹോമിയോപതി കോഴ്സിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും നവംബർ 10 വൈകിട്ട് 4ന് മുൻപ് www.cee.kerala.gov.in ൽ ഓപ്ഷൻ സമർപ്പിക്കണം. ഹെൽപ് ലൈൻ നമ്പർ : 0471 2332120, 2338487.

## അമ്പൂരി കുമ്പിച്ചൽ പാലത്തിൻറെ സൗന്ദര്യവൽക്കരണ പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി

തിരുവനന്തപുരം: അമ്പൂരി കുമ്പിച്ചൽക്കടവ് പാലത്തിൻറെ സൗന്ദര്യവത്കരണത്തിനായി 99,98,276 രൂപ സംസ്ഥാന ടൂറിസം വകുപ്പ് അനുവദിച്ചു. സംസ്ഥാന സർക്കാർ പുറത്തിറക്കിയ ഡിസൈൻ നയത്തിൻറെ ഭാഗമായി പൊതുമരാമത്ത്-വിനോദ സഞ്ചാര വകുപ്പുകൾ ചേർന്നാണ് പദ്ധതി തയ്യാറാക്കിയത്.

സംസ്ഥാനത്തെ വിവിധ പാലങ്ങൾക്കു താഴെയുള്ള ഉപയോഗിക്കാത്ത പ്രദേശങ്ങളെ പൊതുഇടങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡാണ് പദ്ധതിയുടെ നോഡൽ ഏജൻസി. പദ്ധതിയുടെ പ്രവർത്തന മേൽനോട്ടവും പരിപാലനവും ഡി.ടി.പി.സി.ക്ക് ആയിരിക്കും.

സംസ്ഥാനത്തെ പൊതു ഇടങ്ങൾ മികച്ച രീതിയിൽ ഭാവനാത്മകമായി മെച്ചപ്പെടുത്താമെന്നതിൻറെ ഉദാഹരണമാണ് സംസ്ഥാനമൊട്ടാകെ നടപ്പാക്കി വരുന്ന വിവിധ സൗന്ദര്യവത്കരണ പദ്ധതികളെന്ന് ടൂറിസം-പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. ഫറോക്ക്, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിലെ ജനകീയ ഉല്ലാസ മേഖലകൾ ഇതിനകം തന്നെ മികച്ച പ്രതികരണവുമായി മുന്നോട്ടു പോവുകയാണ്. ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഇത്തരം ടൂറിസം സാധ്യതകൾക്ക് മുന്തിയ പരിഗണനയും ധനസഹായവും ടൂറിസം വകുപ്പ് ലഭ്യമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ബി.എസ്.സി നഴ്സിംഗ്: എസ്.സി./ എസ്.ടി സീറ്റുകളിലേക്ക് 11ന് സ്പോട്ട് അലോട്ട്മെന്റ്

2025–26 അദ്ധ്യയന വർഷത്തെ ബി.എസ്.സി നഴ്സിംഗ് കോഴ്സിന് സർക്കാർ/സ്വാശ്രയ കോളേജുകളിൽ എസ്.സി/എസ്.റ്റി വിഭാഗക്കാർക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള സ്പോട്ട് അലോട്ട്മെന്റ് നവംബർ 11 ന് എൽ.ബി.എസ് സെന്റർ ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ രാവിലെ 10 മണിക്ക് നടക്കും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ എൽ.ബി.എസ്സ് ജില്ലാ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളിൽ രാവിലെ 11 നകം നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. മുൻ അലോട്ട്മെന്റുകളിലൂടെ കോളേജുകളിൽ പ്രവേശനം ലഭിച്ചവർ നിരാക്ഷേപപത്രം ഓൺലൈനായി സമർപ്പിക്കണം.

ഒഴിവുകളുടെ വിശദാംശങ്ങൾ www.lbscentre.kerala.gov.in ൽ അലോട്ട്മെന്റിനു മുൻപ് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റ് ലഭിക്കുന്നവർ അന്നേ ദിവസം തന്നെ നിർദ്ദിഷ്ടഫീസ് അടയ്ക്കണം. അലോട്ട്മെന്റിനുശേഷം കോഴ്സ്/ കോളേജ് മാറ്റം അനുവദിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscentre.kerala.gov.in.

## സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ മലപ്പുറം മുന്നേറ്റം തുടരുന്നു

പാലക്കാട്: സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം രണ്ടാംദിനത്തിലും നിലവിലെ ചാന്പ്യൻമാരായ മലപ്പുറം മുന്നേറ്റം തുടരുന്നു. 386 പോയിൻറോടെയാണ് മലപ്പുറം ഒന്നാംസ്ഥാനത്തു നിൽക്കുന്നത്. 372 പോയിൻറ് നേടി കണ്ണൂരും 364 പോയിൻറ് നേടി കോഴിക്കോടും രണ്ടും മൂന്നും സ്ഥാനത്തുണ്ട്. സ്കൂൾതലത്തിൽ 55 പോയിൻറ് നേടി ആലപ്പുഴ പൂങ്കാവ് എംഐഎച്ച്എസ് ഒന്നും 48 പോയിൻറ് നേടി മേമുണ്ട എച്ച്എസ് രണ്ടും 47 പോയിൻറ് നേടി ഇടുക്കി ഇരട്ടയാർ എസ്ടി എച്ച്എസ്എസ് മൂന്നും സ്ഥാനങ്ങളിലാണ്. സ്കിൽ ഫെസ്റ്റിൽ 106 പോയിൻറോടെ വടകര ഉപജില്ല ഓവറോൾ കിരീടം നേടി. 99 പോയിൻറ് നേടി തൃശൂർ രണ്ടാംസ്ഥാനവും 96 പോയിൻറ് നേടി എറണാകുളം മൂന്നാംസ്ഥാനവും കരസ്ഥമാക്കി. സ്പെഷൽ സ്കൂൾ ശാസ്ത്രോത്സവത്തിൽ 5620 പോയിൻറ് നേടി കോട്ടയം ഓവറോൾ കിരീടം നേടി. 3153 പോയിൻറോടെ എറണാകുളം രണ്ടും 3092 പോയിൻറോടെ മലപ്പുറം മൂന്നും സ്ഥാനങ്ങൾ സ്വന്തമാക്കി.

## എം.ആർ രഘുചന്ദ്രബാലിന്റെ നിര്യാണത്തിൽ കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് അനുശോചിച്ചു

തിരുവനന്തപുരം : എഐസിസി അംഗവും മുൻ മന്ത്രിയുമായിരുന്ന എം.ആർ.രഘുചന്ദ്രബാലിന്റെ നിര്യാണത്തിൽ കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫ് അനുശോചിച്ചു. ജനാധിപത്യ മതേതര ആശയങ്ങൾ എക്കാലവും ഉയർത്തിപ്പിടിച്ച നേതാവായിരുന്നു രഘുചന്ദ്രബാൽ. ജനകീയ വിഷയങ്ങളിൽ ഇടപെട്ട് അതിന് പരിഹാരം കാണാൻ അദ്ദേഹം എക്കാലവും ശ്രദ്ധപുലർത്തിയിരുന്നു. എക്സൈസ് മന്ത്രിയായിരിക്കെ കള്ളവാറ്റു സംഘത്തെ അമർച്ച ചെയ്യാൻ അദ്ദേഹം സ്വീകരിച്ച നടപടികൾ കേരള രാഷ്ട്രീയ ചരിത്രത്തിന്റെ കൂടിഭാഗമാണ്.ഒരു പൊതുപ്രവർത്തകൻ എന്നതിലുപരി കലാരംഗത്തും തന്റേതായ കഴിവ് അദ്ദേഹം പ്രകടിപ്പിച്ചിട്ടുണ്ട്. നല്ലൊരു സുഹൃത്തിനെയും കോൺഗ്രസിന് മികച്ചയൊരു നേതാവിനെയുമാണ് നഷ്ടമായതെന്നും സണ്ണി ജോസഫ് പറഞ്ഞു.

## റെയിൽവേ പോലീസിൻറെ ഓപ്പറേഷൻ രക്ഷിത; 72 കേസുകൾ രജിസ്റ്റർ ചെയ്തു

തിരുവനന്തപുരം : ട്രെയിൻ യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി കേരള റെയിൽവേ പൊലീസ് സംസ്ഥാന വ്യാപകമായി നടത്തുന്ന ‘ഓപ്പറേഷൻ രക്ഷിത‘ യുടെ ഭാഗമായി വിവിധ നിയമലംഘനങ്ങൾ കണ്ടെത്തുകയും 72 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു.ഓടിക്കൊണ്ടിരുന്ന ട്രെയിനിൽ യാത്രചെയ്യുകയായിരുന്ന യുവതിയെ ആക്രമിച്ച് തള്ളിയിട്ട് പരിക്കേൽപ്പിച്ച സംഭവത്തിൻറെ പശ്ചാത്തലത്തിൽ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് കേരള റെയിൽവേ പൊലിസും, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും സംയുക്തമായി ‘ഓപ്പറേഷൻ രക്ഷിത‘ സ്പെഷ്യൽ ഡ്രൈവ് നടത്തുന്നത്.

റെയിൽവേ പോലീസ് എസ്.പി ഷഹൻഷാ കെ എസിൻറെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് പരിശോധന.

ട്രെയിനുകൾക്കുള്ളിലും സ്റ്റേഷൻ പരിസരത്തും ഇതിൻറെ ഭാഗമായി കഴിഞ്ഞ ദിവസങ്ങളിൽ പ്രത്യേക പരിശോധനകൾ നടന്നിരുന്നു.യാത്രക്കാരുടെ സുരക്ഷ (പ്രധാനമായും സ്ത്രീ യാത്രക്കാരുടെ) ഉറപ്പുവരുത്തുക, ട്രെയിനുകളിലും സ്റ്റേഷൻ പരിസരങ്ങളിലും പാലിക്കേണ്ട അച്ചടക്കം, ജാഗ്രത, ക്രമസമാധാനം എന്നിവ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, യാത്രക്കാർക്കുനേരെ ഉണ്ടാകുന്ന വിവിധ അക്രമസംഭവങ്ങളെ ഫലപ്രദമായി തടയുക എന്നിവയാണ് ലക്ഷ്യമിടുന്നത്. മദ്യപിച്ച് യാത്ര ചെയ്യുന്നവരെ കണ്ടെത്താൻ വിവിധ സ്റ്റേഷൻ പരിധികളിൽ ബ്രെത് അനലൈസർ ഉപയോഗിച്ചുള്ള പരിശോധന, റെയിൽവേ സ്റ്റേഷൻ പരിധിയിലുള്ള സി.സി.ടി.വി ക്യാമറകളുടെ നിരീക്ഷണം, ബോംബ് സ്ക്വാഡ്, കെ9 സ്ക്വാഡ് എന്നീ വിഭാഗങ്ങളെ ഉപയോഗിച്ചുള്ള പരിശോധനകൾ തുടങ്ങിയ നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിച്ചു വരുന്നു.പോലീസുദ്യോഗസ്ഥരുടെ സാന്നിധ്യം കൊണ്ടുതന്നെ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെ തടയുന്നതിനും ഇതിലൂടെ യാത്രക്കാർക്ക് സുരക്ഷിതത്വബോധം ലഭിക്കുന്നതിനുമാണ് പ്രധാനമായും ശ്രമിക്കുന്നത്. ഇതിനായി കേരള റെയിൽവേ പോലീസും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും ടിക്കറ്റ് പരിശോധകരും അടങ്ങുന്ന ഉദ്യോഗസ്ഥർ സംയുക്തമായാണ് പ്രവർത്തിക്കുന്നത്. വരും ദിവസങ്ങളിലും ഇത്തരം പരിശോധനകൾ തുടരുന്നതാണ്.

## സംഭവത്തിൽ റെയിൽവേ മന്ത്രിയോട് അന്വേഷണം ആവശ്യപ്പെട്ട് കെസി വേണുഗോപാൽ

തിരുവനന്തപുരം: രാജ്യത്തെ പൊതുസംവിധാനത്തെ കാവിവത്കരിച്ച്, ആർഎസ്എസിന്റെ നുകത്തിൽ കെട്ടാനുള്ള നീചമായ ശ്രമത്തിന്റെ ഭാഗമാണ്.

എറണാകുളം- ബെംഗളൂരു വന്ദേഭാരതിന്റെ ഉദ്ഘാടനച്ചടങ്ങിനിടെ വിദ്യാർഥികളെക്കൊണ്ട് ആർഎസ്എസ് ഗണഗീതം പാടിപ്പിക്കുകയും അത് ദക്ഷിണ റെയിൽവേയുടെ ഔദ്യോഗിക ഫേസ്ബുക്ക് അക്കൗണ്ടിൽ പോസ്റ്റുകയും ചെയ്ത നടപടിയെന്നും എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എംപി. ഇന്ത്യൻ റെയിൽവേയെ രാഷ്ട്രീയ ആശയ പ്രദർശനത്തിന്റെ വേദിയാക്കിയത് ദൗർഭാഗ്യകരമാണെന്നും ഈ സംഭവത്തിൽ അടിയന്തര അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കെസി വേണുഗോപാൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് നൽകി.

മോദി ഭരണകൂടം സർക്കാർ സംവിധാനങ്ങളെ സംഘിവത്കരിക്കുകയാണ്.ഇത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്.കുട്ടികളുടെ തലച്ചോറിലും മനസ്സിലും വർഗീയ വിഷം കുത്തിവെയ്ക്കുന്ന ആർഎസ്എസിന്റെ ദംഷ്ട്രകൾ നിറഞ്ഞ മുഖം ഇന്ന് ഭരണകൂടത്തിന്റേത് കൂടിയായിക്കഴിഞ്ഞു. ഇത് ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ദേശീയ സങ്കൽപ്പങ്ങളെ അപമാനിക്കുന്നതാണിത്. ദേശീയഗാനം മുഴങ്ങിക്കേൾക്കേണ്ട വേദികളിൽ ഗണഗീതം പാടുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് പൊതുബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗം കൂടിയാണ്.

കുട്ടികളെ വർഗീയതയിലേക്ക് തള്ളിവിട്ട്, ഔദ്യോഗിക സംവിധാനങ്ങളെ ദുരുപയോഗം ചെയ്ത് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വെറുപ്പിന്റെ രാഷ്ട്രീയത്തെ ചെറുത്തുതോൽപ്പിക്കണ്ടേതാണെന്നും കെസി വേണുഗോപാൽ പറഞ്ഞു.

## പ്രൊഫ. ജെയിംസ് വാട്സൻറെ നിര്യാണത്തിൽ അനുശോചിച്ച് ആർജിസിബി

തിരുവനന്തപുരം: നൊബേൽ സമ്മാന ജേതാവും അമേരിക്കയിലെ കോൾഡ് സ്പ്രിംഗ് ഹാർബർ ലബോറട്ടറി (സിഎസ്എച്ച്എൽ) യുടെ മുൻ പ്രസിഡൻറുമായിരുന്ന പ്രൊഫസർ ജെയിംസ് വാട്സൻറെ നിര്യാണത്തിൽ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയിലെ (ബ്രിക് - ആർജിസിബി) ശാസ്ത്ര സമൂഹം ദുഃഖം രേഖപ്പെടുത്തി.

ഡിഎൻഎയുടെ ഘടന കണ്ടെത്തിയതിലൂടെ ശാസ്ത്രത്തിൽ ഏറ്റവും നിർണ്ണായകമായ മുന്നേറ്റങ്ങളിലൊന്നാണ് ഡോ. വാട്സൺ നടത്തിയതെന്ന് ആർജിസിബി ഡയറക്ടർ (അഡീഷണൽ ചാർജ്) ഡോ. ടി. ആർ. സന്തോഷ് കുമാർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഇരുപതാം നൂറ്റാണ്ടിൻറെ അന്ത്യത്തിൽ നടന്ന ബയോടെക്നോളജി വി



പ്ലവത്തിന് അടിത്തറ പാകിയത് ഈ നേട്ടമായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു.

ആർജിസിബി സ്ഥാപക ഡയറക്ടർ, പരേതനായ പ്രൊഫ. എം. ആർ. ദാസിൻറെ കാലത്ത്, 1999 ജനുവരി 10-11 തീയതികളിൽ ഡോ. വാട്സൺ തിരുവനന്തപുരത്തെ ആർജിസിബി കേന്ദ്രം സന്ദർശിക്കുകയും അധ്യാപകരുമായും വിദ്യാർത്ഥികളുമായും സംവദിക്കുകയും ചെയ്തിരുന്നു. 'ഡിഎൻഎ ഘടനയുടെ ക്ലാസിക് കണ്ടുപിടുത്തത്തിൻറെ പ്രത്യാഘാതങ്ങളും ഡിഎൻഎയുടെ ഭാഷയിൽ നിന്ന് തുടങ്ങുന്ന ജൈവ വിവര കൈമാറ്റത്തിൻറെ പ്രാധാന്യവും' എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണവും നടത്തിയിരുന്നുവെന്ന് ഡോ. സന്തോഷ് കുമാർ പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വോട്ട് ചോരി: 15 ലക്ഷം കത്തുകൾ ഡൽഹിക്കയക്കുമെന്ന് ദീപാദാസ് മുൻഷി, പിസി വിഷ്ണുനാഥ്

ലോക്സഭാ തെരഞ്ഞെടുപ്പിലും സംസ്ഥാന തെരഞ്ഞെടുപ്പുകളിലും നടന്ന വോട്ട് ചോരിക്കെതിരേ കോൺഗ്രസ് രാജ്യവ്യാപകമായി നടത്തുന്ന ഒപ്പ് സമാഹരണ പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിൽനിന്ന് 15 ലക്ഷം കത്തുകൾ ഡൽഹിക്ക് അയക്കുമെന്ന് എഐസിസി ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയും കെപിസിസി വർക്കിംഗ് പ്രസിഡന്റ് പിസി വിഷ്ണുനാഥും പത്രസമ്മേളത്തിൽ അറിയിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു സമാഹരിച്ച അഞ്ചു കോടി ഒപ്പുകൾ നവംബർ അവസാനം ഡൽഹി രാംലീല മൈതാനത്തു നടക്കുന്ന മഹാസമ്മേളനത്തിൽ എത്തിച്ചശേഷം ഇലക്ഷൻ കമ്മീഷനു നല്കും. കേരളത്തിൽനിന്ന് 14 ലക്ഷം ഒപ്പുകൾ ഇതിനോടകം സമാഹരിച്ചു. അത് 15 ലക്ഷമാകും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽനിന്നാണ് ഡൽഹിക്ക് അയക്കുന്നത്. ഫോട്ടോയുള്ള മെഷീൻ റീഡബിൾ വോട്ടർ പട്ടിക പൊതുജന പരിശോധനയ്ക്കു നല്കുക, ഓരോ തെരഞ്ഞെടുപ്പിനു മുമ്പ് ഫോട്ടോയോടു കൂടിയ ഒഴിവാക്കൽ, കൂട്ടിച്ചേർക്കൽ പട്ടിക പരിശോധിക്കാൻ നല്കുക, വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടാൽ അതിവേഗ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ഒപ്പുശേഖരണത്തിൽ ഉന്നയിച്ചിരിക്കുന്നത്.

വലിയ പ്രതികരണമാണ് വോട്ട്ചോരി ഒപ്പുശേഖരണത്തിനു ലഭിച്ചത്. കോൺഗ്രസിനാണ് വോട്ടു ചെയ്തതെന്നു ജനങ്ങൾ പറയുമ്പോൾ അതു ബിജെപിയുടെ വിജയത്തിലേക്കു പോകുന്നതെങ്ങനെയാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി മൂന്നു പത്രസമ്മേളനങ്ങൾ നടത്തി രാജ്യത്തോട് വിശദീകരിച്ചു. തുടർന്ന് വോട്ട് ചോരിക്കെതിരേ വലിയ ജനരോഷമാണ് രാജ്യത്തുള്ളത്. അതിന്റെ പ്രതിഫലമാണ് ഒപ്പു സമാഹരണത്തിൽ കാണുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പുകളിലും നടന്ന വോട്ട് ചോരി കേരളത്തിൽ നടക്കാൻ പോകുന്ന തദ്ദേശ തെരഞ്ഞെടുപ്പിലും ആവർത്തിക്കാൻ ഇടയുണ്ട്. ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ചിഫ് ഇലക്ട്രൽ ഓഫീസർക്കു നല്കിയെങ്കിലും പരിഹാരം ഉണ്ടായിട്ടില്ല. ആരുടെ പേരുവേണമെങ്കിലും വോട്ടർ പട്ടികയിൽനിന്ന് ഒഴിവാക്കാവുന്ന അവസ്ഥയാണുള്ളത്. എതിർപ്പുകൾക്കിടയിലും തീവ്രവോട്ടർ പട്ടിക പരിഷ്കരണവുമായി സർക്കാർ മുന്നോട്ടുപോകുന്നു. 2002ലെ വോട്ടർ പട്ടികയിൽ ഉണ്ടായിരുന്ന യഥാർത്ഥ വോട്ടർമാരെ വലിയ തോതിൽ ഒഴിവാക്കിയിരിക്കുകയാണെന്നും ഇതിനെതിരേ പരാതി നല്കിയെന്നും നേതാക്കൾ ചൂണ്ടിക്കാട്ടി.വോട്ട് ചോരി സംബന്ധിച്ച് രാഹുൽ ഗാന്ധിക്ക് മറുപടി നല്കാൻ കേന്ദ്രസർക്കാരോ, തെരഞ്ഞെടുപ്പ് കമ്മീഷനോ, ബിജെപിയോ തയാറായില്ല. രാജ്യത്തിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് തെരഞ്ഞെടുപ്പ് കമ്മീഷനെതിരേ ഇത്രയധികം തെളിവുകൾ പുറത്തുവന്നത്. ജയിക്കാൻ വേണ്ടി കാശ്മീരിൽനിന്നു വരെ ആളെ കൊണ്ടുവന്ന് വോട്ട് ചെയ്യിക്കുമെന്ന ബിജെപി കേരള ഘടകം ഉപാധ്യക്ഷൻ ബി. ഗോപാലകൃഷ്ണന്റെ വീഡിയോ ബൈറ്റ് രാഹുൽ ഗാന്ധി പ്രദർശിപ്പിച്ചപ്പോൾ കേന്ദ്രമന്ത്രി കിരൺ റിജ്ജു ഇത് വ്യാജ വീഡിയോ ആണെന്ന് പറഞ്ഞതു മാത്രമാണ് ഇതു സംബന്ധിച്ച ഏക പ്രതികരണം.

ഹരിയാന മുഖ്യമന്ത്രി നായബ്സിങ് സൈനി തെരഞ്ഞെടുപ്പ് ഫലത്തിന് രണ്ടുദിവസം മുമ്പ് പുറപ്പെടുവിച്ച അവകാശവാദം 'ബി.ജെ.പി സർക്കാറുണ്ടാക്കും. അതിനുള്ള സംവിധാനങ്ങൾ നമ്മുടെ കൈയിലുണ്ട്. നിങ്ങളതിൽ വിഷമിക്കേണ്ട' എന്നായിരുന്നു. 62 സീറ്റുകൾ വരെ നേടി കോൺഗ്രസ് ഭരിക്കും എന്ന് അഞ്ച് എക്സിറ്റ്പോൾ ഫലങ്ങൾ പ്രവചിച്ച നേരത്ത് മുഖ്യമന്ത്രി സൈനി ഇങ്ങനെ തറപ്പിച്ച് പറയണമെങ്കിൽ അത് കാലേക്കൂട്ടി ആസൂത്രണം ചെയ്ത അട്ടിമറിയുടെ സൂചന തന്നെയാണ്.


വോട്ട് ചോരി ഒപ്പ് ശേഖരണം ഒരു രാഷ്ട്രീയപരിപാടി എന്നതിനപ്പുറം ഇതൊരു സാമൂഹിക മുന്നേറ്റം കൂടിയാണ്. വോട്ടർ പട്ടികയിൽ പേരില്ലെങ്കിൽ ഉത്തരേന്ത്യയിലെ പാവപ്പെട്ടവർക്ക് സർക്കാരിന്റെ യാതൊരു ആനുകൂല്യവും ലഭിക്കില്ല. പാവപ്പെട്ടവരുടെ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാനുള്ള പ്രചാരണ പരിപാടി കൂടിയാണിത്.

തെരഞ്ഞെടുപ്പ് കമീഷനും ബി.ജെ.പിയും ചേർന്ന് 2024ലെ തെരഞ്ഞെടുപ്പിൽ ഹരിയാനയിൽ 25 ലക്ഷം കള്ളവോട്ടുകളിലൂടെ കോൺഗ്രസിന്റെ വിജയം തട്ടിയെടുത്തത് തെളിവുകൾ സഹിതമാണ് പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി പുറത്തുവിട്ടത്. ഇത് ജനാധിപത്യ ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളുടെ വിശ്വാസ്യത കടുത്ത രീതിയിൽ ചോദ്യം ചെയ്യുന്നതാണ്. ലോക്സഭാ തെരഞ്ഞെടുപ്പിലും കർണാടക, മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിലും നടന്ന അതേ വോട്ടുചോരി തന്നെയാണ് ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിലും ആവർത്തിച്ചത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം വ്യാജസർക്കാരുകളാൽ ഭരിക്കപ്പെടുകയാണെന്ന് രാജ്യത്തിനും ലോകത്തിനും ബോധ്യമായെന്നും നേതാക്കൾ ചൂണ്ടിക്കാട്ടി.

കെപിസിസി ജനറൽ സെക്രട്ടറിമാരായ നെയ്യാറ്റിൻകര സനൽ, എംഎ വാഹിദ്, കെഎസ് ഗോപകുമാർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.







## അവനവൻ കടമ്പ@50

വിസ്മയാസ് മാക്സിന്റെ അങ്കണത്തിൽ സാംസ്കാരികപ്രവർത്തകർ ഒത്തുചേർന്ന് കവാലം നാരായണപ്പണിക്കരെ അനുസ്മരിച്ചപ്പോൾ. ശ്രീ അടൂർ ഗോപാലകൃഷ്ണൻ, കടമ്മനിട്ട വാസുദേവൻ പിള്ള, ശ്രീ കലാധരൻ, ആർ എൽ വി രാമകൃഷ്ണൻ, പെരിങ്ങോട് ചന്ദ്രൻ, കെ ബി പ്രസന്നകുമാർ, പ്രദീപ് പനങ്ങാട്, പി നാരായണക്കുറുപ്പ്, എസ് രാധാകൃഷ്ണൻ എന്നിവർ.

# കാർഷിക ഗ്രാമ വികസന ബാങ്ക് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കൺവെൻഷൻ

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എംപ്ലോയീസ് യൂണിയൻ സംസ്ഥാന കൺവെൻഷൻ തൃശ്ശൂരിൽ ചേർന്നു.സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് എം. കെ കണ്ണൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സഹകരണ മേഖലയിലെ പ്രതിസന്ധികളെ അതിജീവിക്കാൻ ജീവനക്കാരുടെ നേതൃത്വത്തിൽ ജാഗ്രതയോടു കൂടിയുള്ള ഇടപെടൽ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.എംപ്ലോയീസ് യൂണിയൻ പ്രസിഡൻറ് കെ . കെ ജയചന്ദ്രൻ . കൺവെൻഷന് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡൻറ് എൻ. സനിൽ ബാബു ,മുൻ സംസ്ഥാന പ്രസിഡൻറ് ടി നരേന്ദ്രൻ എന്നിവർ അഭിവാദ്യം ചെയ്ത് സംസാരിച്ചു. യൂണിയൻ ജനറൽ സെക്രട്ടറി മണികണ്ഠൻ. എസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ജോയിൻറ് സെക്രട്ടറി ഷിജിലാൽ സ്വാഗതവും തൃശൂർ യൂണിറ്റ് നെക്രട്ടറി അക്ഷയ് കെ വിജയൻ നന്ദിയും രേഖപ്പെടുത്തി. കാർഷിക വികസന ബാങ്കിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഉടനടി നടപ്പിലാക്കണമെന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു

# കണിയാപുരം സബ്ജില്ലാ കലോത്സവം; തോന്നയ്ക്കൽ ഹയർസെക്കൻഡറി സ്കൂളിന് ഓവറോൾ

പോത്തൻകോട്: കണിയാപുരം സബ്ജില്ലാ സ്കൂൾ കലോത്സവത്തിൽ ഏറ്റവും കൂടുതൽ ഗ്രേഡുകൾ നേടിയ തോന്നയ്ക്കൽ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂൾ ഇപ്രാവശ്യവും ഓവറോൾ കിരീടം നിലനിറുത്തി. ഓവറോൾ രണ്ടാം സ്ഥാനം പോത്തൻകോട് എൽ വി എച്ച എസ് കരസ്ഥമാക്കി. ഹയർ സെക്കന്ററി

വിഭാഗത്തിൽ തോന്നയ്ക്കൽ സ്കൂൾ ഒന്നാം സ്ഥാനവും, ഹൈസ്കൂൾ വിഭാഗത്തിൽ പോത്തൻകോട് എൽ വി എച്ച് എസും, യു പി വിഭാഗത്തിൽ പോത്തൻകോട് ഗവ. യു പി എസും, എൽ പി വിഭാഗത്തിൽ ഗവ.എൽ പി എസ് കന്യാകുളങ്ങരയും ട്രോഫികൾ കരസ്ഥമാക്കി.

അറബിക് കലോത്സവം എച്ച് എസ് വിഭാഗത്തിൽ കഴക്കൂട്ടം അൽ ഉദുമാൻ സ്കൂളിനാണ് ഓവറോൾ ട്രോഫി. എൽ പി വിഭാഗത്തിൽ ഗവൺമെൻറ് എൽ പിഎസ് തച്ചപ്പള്ളിയും, എൽപിഎസ് കന്യാകുളങ്ങരയും, എൽ പി എസ് ആലുംമൂടും ഓവറോൾ പങ്കിട്ടു.

യു പി വിഭാഗത്തിൽ ഗവ.യു പി എസ് കണിയാപുരവും, സെന്റ് തോമസ് യുപിഎസ് പോത്തൻകോടും ഓവറോൾ ട്രോഫി പങ്കിട്ടു.

സംസ്കൃത കലോത്സവം ഹൈസ്കൂൾ വിഭാഗത്തിൽ എൽ വി എച് എസ് പോത്തൻകോടും യുപി വിഭാഗത്തിൽ തോന്നയ്ക്കൽ ഗവൺമെൻറ് എച്ച്എസ്എസും ഓവറോൾ പുരസ്കാരം നേടി. നെടുവേലി ഹയർ സെക്കൻഡറി സ്കൂളിലെ നിറഞ്ഞ വേദികളിൽ 86 സ്കൂളുകളിൽനിന്നായി 6194 പ്രതിഭകളാണ് നാലു ദിന രാത്രങ്ങളിലായി കലയുടെ നൂപുര ധ്വനികളുയർത്തിയത്.

സമാപന സമ്മേളനം എം എ റഹീം എം പി ഉദ്ഘാടനം ചെയ്തു. വി ശശി എം എൽഎ മുഖ്യപ്രഭാഷണവും സമ്മാനദാനവും നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീനാ ജയൻ, കണിയാപുരം എ ഇ ഒ ഹരികൃഷ്ണൻ ആർ.എസ്, അനൂജ. എ. ജി, താഴേക്ക് രാഹുൽ, ഉണ്ണികൃഷ്ണൻ പാറക്കൽ, പ്രിൻസിപ്പൽ ബിന്ദു എസ്, ഹെഡ്മിസ്ട്രസ് ഹാമിലാ ബീവി,

ജഗന്നാഥ പിള്ള എന്നിവർ പ്രസംഗിച്ചു.

# രാജ്യത്ത് എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള ആദ്യ സംസ്ഥാനമാകാൻ കേരളം

## ഇടുക്കി ജില്ലയിൽ 2 കാത്ത് ലാബുകൾ അനുവദിച്ചു

ഇടുക്കി ജില്ലയിൽ രണ്ട് കാത്ത് ലാബുകൾ അനുവദിച്ചതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. ഇടുക്കി മെഡിക്കൽ കോളേജിലും അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിലുമാണ് കാത്ത് ലാബ് അനുവദിച്ചത്. ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്. ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 10.3 കോടി രൂപയുടേയും അടിമാലി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കാനായി 8.94 കോടി രൂപയുടേയും ഭരണാനുമതിയാണ് നൽകിയത്. ഇടുക്കിയിൽ കൂടി കാത്ത് ലാബ് സജ്ജമാകുന്നതോടെ രാജ്യത്ത് എല്ലാ ജില്ലകളിലും കാത്ത് ലാബുള്ള സംസ്ഥാനമായി കേരളം മാറും.കോഴിക്കോട്, എറണാകുളം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ കഴിഞ്ഞ ദിവസം പുതുതായി കാത്ത് ലാബുകൾ അനുവദിച്ചിരുന്നു. കാത്ത് ലാബുകൾക്കും സിസിയുകൾക്കുമായി മൂന്ന് മെഡിക്കൽ കോളേജുകൾക്ക് 44.30 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഇതോടെ 5 കാത്ത് ലാബുകൾക്കാണ് പുതുതായി അനുമതി നൽകിയത്.സംസ്ഥാനത്ത് പ്രധാന മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിൽ 12 ആശുപത്രികളിൽ കാത്ത് ലാബ് സജ്ജമാക്കിയിട്ടുണ്ട്. കാത്ത് ലാബുകൾ ഇല്ലാതിരുന്ന കാസർഗോഡും (2023) വയനാടും (2024) ആണ് ഏറ്റവും അവസാനം കാത്ത് ലാബുകൾ സ്ഥാപിച്ചത്.സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാത്ത് ലാബ് പ്രൊസീജിയറുകൾ നടക്കുന്നത് സർക്കാർ ആശുപത്രികളിലാണെന്നാണ് ഇന്റർവെൻഷണൽ കാർഡിയോളജി കൗൺസിൽ കണ്ടെത്തിയിരിക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ്, തിരുവനന്തപുരം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ കാത്ത് ലാബ് പ്രൊസീജിയറുകൾ നടക്കുന്നത്.

# ആഭിചാരക്രിയ: കോട്ടയത്ത് യുവതിക്ക് ക്രൂരപീഡനം

കോട്ടയം: ബാധയൊഴിപ്പിക്കാനുള്ള ആഭിചാരക്രിയയുടെ പേരിൽ യുവതിക്ക് ക്രൂരപീഡനം. ദുരാത്മാക്കളെ ഒഴിപ്പിക്കാനെന്ന പേരിൽ കഴിഞ്ഞ രണ്ടിന് തിരുവഞ്ചൂരിൽ നടത്തിയ പൂജയിൽ പൊള്ളലേല്പിക്കുകയും മദ്യം കുടിപ്പിക്കുകയും ചെയ്തെന്നാണ് യുവതിയുടെ പരാതി. സംഭവത്തിൽ യുവതിയുടെ ഭർത്താവ് തിരുവഞ്ചൂർ കൊരട്ടിക്കുന്നേൽ അഖിൽ ദാസ് (26), ഇയാളുടെ പിതാവ് ദാസ് (55), ആഭിചാരക്രിയകൾ നടത്തിയ മന്ത്രവാദി തിരുവല്ല പെരുംതുരുത്തി മാടാച്ചിറ വീട്ടിൽ ശിവദാസ് (ശിവൻ തിരുമേനി 54), എന്നിവരെ മണർകാട് പൊലീസ് അറസ്റ്റ് ചെയ്തു. ഇവർ റിമാൻഡിലാണ്. ആഭിചാരത്തിന് പ്രധാന കാരണക്കാരിയെന്ന് യുവതി പറഞ്ഞ അഖിലിന്റെ അമ്മ ഒളിവിലാണ്. കഴിഞ്ഞ രണ്ടിന് രാവിലെ 11ന് തുടങ്ങിയ പൂജ രാത്രി ഒമ്പതുവരെ നീണ്ടു. അഖിലിന്റെ അമ്മയാണ് പൂജാരിയെ കൊണ്ടുവന്നത്. രാവിലെ പത്തിന് അയാൾ എത്തി. തുടർന്ന് 11ന് പൂജ തുടങ്ങി. അപ്പോൾ പ്രാർത്ഥിക്കാൻ പറഞ്ഞു. തുടർന്ന് കാലിൽ പട്ട് കെട്ടാൻ തുടങ്ങി. അത് മാത്രമേ ഓർമയുള്ളു. ബോധം വന്നപ്പോൾ മുടിയിൽ ആണി ചുറ്റി വിറക് കഷ്ണത്തിൽ അടിച്ച നിലയിലായിരുന്നു എന്ന് യുവതി പറഞ്ഞു. മുടി മുറിഞ്ഞുപോയെന്നും പറഞ്ഞു. കോട്ടയം നാഗമ്പടം സ്വദേശിയായ യുവതി കഴിഞ്ഞ മൂന്ന് വർഷമായി അഖിലുമായി പ്രണയത്തിലായിരുന്നു. ഇരു വീട്ടുകാർക്കും വിവാഹത്തിന് താല്പര്യമായിരുന്നു. എന്നാൽ അഖിലിന്റെ വീട്ടുകാർ മന്ത്രവാദിയുടെ നിർദേശപ്രകാരം ദോഷമുണ്ടെന്ന് പറഞ്ഞ് വിവാഹം നീട്ടി വച്ചു. അതിനിടെ വീട്ടുകാരുടെ സമ്മതത്തോടെ യുവതിയെ അഖിൽ കഴിഞ്ഞ സെപ്റ്റംബറിൽ വീട്ടിലേക്ക് കൊണ്ടുവന്നു. അതിന് പിന്നാലെ യുവതിയുടെ മാതൃസഹോദരി മരിച്ചു. തുടർന്ന് യുവതിയും അഖിലും തമ്മിലുണ്ടാകുന്ന ചെറു പ്രശ്നങ്ങൾക്ക് കാരണം മാതൃ സഹോദരിയുടെ ആത്മാവ് യുവതിയുടെ ദേഹത്ത് കയറിയതാണെന്ന് പറഞ്ഞാണ് അഖിലിന്റെ അമ്മ ആഭിചാരം നടത്തിയത്.



കണിയാപുരം ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ തോന്നയ്ക്കൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന് എ.എ. റഹിം.എം.പി ഓവറോളിങ് ട്രോഫി സമ്മാനിക്കുന്നു